കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാലക്കുടി നഗരസഭ
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. ടി.എസ്.ആർ(എം.1)1615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി: 15.11.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

ചാലക്കുടി നഗരസഭ

സർ,

വിഷയം :ചാലക്കുടി നഗരസഭ -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2.5, 2.6, 2.7, 2.9, 2.12, 2.17 ഖണ്ഡികകളിലേക്കും ഭാഗം 3ലെ 3.1, 3.2, 3.3, 3.17, 3.28, 3.35 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997-ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. ടി.എസ്.ആർ(എം.1)1615/2017 തീയതി. 15/11/2017

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ
വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 22.11.2016 മുതൽ 31.3.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ബാലകൃഷ്ണൻ.ഇ.ആർ. ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017 മുതൽ 09.06.2017 വരെ (ചെലവ് ഓഡിറ്റ്) 22.9.2017 മുതൽ 28.9.2017 വരെ (വരവ് ഓഡിറ്റ്) |

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| |
|---|
| ശ്രീ.റഫിജോൺ, ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ആശ.എം.വി., ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവദാസൻ.എ.കെ, അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമിത.ടി.എസ്., അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോയ്സൻ.കെ.ജെ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

ചെയർപേഴ്സൺ

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.ഉഷാ പരമേശ്വരൻ | 1.4.2016 മുതൽ 31.3.17 വരെ |

സെക്രട്ടറി

| | |
|---|---|
| സജി.എസ്.എസ് | 1.4.2016 മുതൽ 18.8.2016 വരെ |
| യു.എസ്.സതീശൻ | 19.8.2016 മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | സുമ.പി.സുരേന്ദ്രൻ | 1.4.2016 മുതൽ 21.11.2016 വരെ |
| | അജിത.പി.എം | 22.11.2016 മുതൽ 31.3.2017 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.ശ്യാമളൻ | 1.4.2016 മുതൽ 31.3.2017 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ.എം.ജി.ശിവദാസ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോഷ് കുമാർ. പി.സി. | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഷെർളി എം.പി | 1.4.2016 മുതൽ 31.3.2017 വരെ |
| എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | വാലൻറീന.കെ.ഡി | 1.4.2016 മുതൽ 15.8.2016 വരെ |
| | റാണി.പി.ജി | 16.8.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് ജി.ജി.എച്ച്.എസ്. | ശോഭന.എം. | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | സോഫി ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്. ജി.ബി.എച്ച്.എസ് | കെ.കെ.ഷൈനി | 1.4.2016 മുതൽ 6.6.2016 വരെ |
| | പങ്കജവല്ലി.വി. | 7.6.2016 മുതൽ 31.3.2017 വരെ |
| യു.പി.എ. പ്രൊജക്റ്റ് ഓഫീസർ | സതീഷ് കുമാർ | 1.4.2016 മുതൽ 29.7.2016 വരെ |
| | പ്രകാശൻ.എ.കെ | 30.7.2016 മുതൽ 15.2.2017 വരെ |
| | രവീന്ദ്രൻ.കെ.കെ | 16.2.2017 മുതൽ 31.3.2017 വരെ |
| ഹെൽത്ത് ഓഫീസർ | ഉഷാകരൻ.കെ. | 1.4.2016 മുതൽ 1.8.2016 വരെ |
| | ദീദ കുമാരി.കെ.എസ് | 2.8.2016 മുതൽ 31.3.2017 വരെ |
| അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | അഹമ്മദ് സഗീർ. സി.എൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്, വി.ആർ.പുരം എച്ച്.എസ് | ഫാത്തിമ.കെ. | 1.4.2016 മുതൽ 9.1.2017 വരെ |
| | വത്സല.വി.വി | 10.1.2017 മുതൽ 31.3.2017 വരെ |

## ഉള്ളടക്കം


| ക്രമനം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. | 2.1 |

| | | |
|---|---|---|
| 12 | ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 2.2 |
| 13 | ഡി സിനിമാസ് -സ്നാക്സ് പാർലർ, ഫുഡ് കോർട്ട് എന്നിവക്ക് സിനിമ തിയ്യറ്ററിന് ബാധകമായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. | 2.3 |
| 14 | നഗരസഭാ പരിധിയിലുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ അനുബന്ധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. | 2.4 |
| 15 | അനധികൃത കെട്ടിടങ്ങൾ വസ്തു നികുതി കുടിശ്ശിക | 2.5 |
| 16 | ഒരേ സ്ഥാപനത്തിന് പല നമ്പറുകളിൽ വസ്തു നികുതി നിർണ്ണയിച്ചു. നഗരസഭക്ക് വരുമാന നഷ്ടം | 2.6 |
| 17 | നിർമ്മല കോളേജ് - എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. നഗരസഭക്ക് വരുമാന നഷ്ടം | 2.7 |
| 18 | വസ്തു നികുതി കുടിശ്ശിക – റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 2.8 |
| 19 | സർക്കാർ ഉത്തരവിനു വിരുദ്ധമായി പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മൂന്ന് സ്ളാബുകളിലായി നികുതി നിശ്ചയിച്ചു. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി മാപ്പിങ്ങ് നടത്തുവാൻ സാധിച്ചില്ല. | 2.9 |
| 20 | മൊബൈൽ ടവർ വസ്തു നികുതി – കുടിശ്ശിക തുക കാലാഹരണപ്പെടാതെ പിരിച്ചെടുക്കേണ്ടതാണ് | 2.10 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2.11 |
| 22 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 2.12 |
| 23 | ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക നഗരസഭ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല | 2.13 |
| 24 | വാടക | 2.14 |
| 25 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 2.15 |
| 26 | ചെക്കുകൾ തനതു ഫണ്ടിൽ വരവു വന്നിട്ടില്ല | 2.16 |
| 27 | നഗരസഭയിൽ മാനുവൽ അക്കൗണ്ടിങ്ങ് പിൻതുടരുന്നു. "സാംഖ്യ"യിൽ കുടിശ്ശികയായി ഡാറ്റാ എൻട്രി നടത്തുന്നു. പണം പിൻവലിക്കൽ പരിശോധന, എല്ലാ വൗച്ചറുകളുടെയും ട്രേസിങ്ങ് എന്നിവ നടത്താനായില്ല. | 2.17 |
| | ഭാഗം 3 | |
| 28 | സ്റ്റേഡിയം വാങ്ങുന്നതിനായി സ്ഥലം അക്വയർ ചെയ്തത് – നഗരസഭക്ക് വൻ തുക ബാധ്യത | 3.1 |
| 29 | വൻതുക ചെലവഴിച്ച് പോട്ട മിനി മാർക്കറ്റ് സ്ഥലം വാങ്ങൽ നിർമ്മാണം – തുച്ഛമായ വരുമാനം ലഭ്യമാകുന്നു. | 3.2 |
| 30 | ഗാർഹികതല ഉറവിട മാലിന്യ സംസ്കരണം – ശുചിത്വ മിഷൻ പദ്ധതി – പദ്ധതി കാലയളവ് അവസാനിച്ചു. ലക്ഷ്യം നേടിയിട്ടില്ല. | 3.3 |
| 31 | മാലിന്യ സംസ്കരണത്തിനായി സ്ഥാപിക്കപ്പെട്ട ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം – അപാകങ്ങൾ | 3.4 |
| 32 | ഐ.എച്ച്.എസ്.ഡി.പി പദ്ധതി-കാലാവധി അവസാനിച്ചിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3.5 |
| 33 | ഐ.എച്ച്.എസ്.ഡി.പി - ഇൻഫോർമൽ എഡ്യൂക്കേഷൻ | 3.6 |

| | | |
|---|---|---|
| | സെന്റർ&ട്രേഡീഷണൽ കൾച്ചർ സെന്റർ നിർമ്മാണം – 2010-11ൽ അംഗീകാരം ലഭിച്ചു. നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ചെലവ് 12,53,570/- രൂപ | |
| 34 | തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് പദ്ധതി രൂപീകരിക്കാതെ വികസന പ്രവർത്തനങ്ങൾ നടത്തുന്നു – പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 3.7 |
| 35 | അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യുവാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല | 3.8 |
| 36 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.9 |
| 37 | തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്-നിലവിലില്ലാത്ത ഇനങ്ങൾക്ക് കറന്റ് ചാർജ് ഈടാക്കുന്നു. | 3.10 |
| 38 | കരാർ പ്രകാരം വാടകക്ക് നൽകിയിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ വെള്ളക്കരം തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നു. | 3.11 |
| 39 | ഇ.എം.എസ്. വായ്പാ പദ്ധതി അപാകങ്ങൾ | 3.12 |
| 40 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3.13 |
| 41 | ആസ്തി രജിസ്റ്റർ കാലികമല്ല | 3.14 |
| 42 | വാഹനങ്ങളുടെ പരിപാലനം – അപാകതകൾ | 3.15 |
| 43 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം – രേഖകൾ പൂർണ്ണമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.16 |
| 44 | ആശ്രയ രണ്ടാം ഘട്ടം – ലക്ഷ്യം നേടിയില്ല | 3.17 |
| 45 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ –മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 3.18 |
| 46 | കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. വാങ്ങൽ – അധികം തുക നൽകി, കൈപ്പറ്റ് രശീത് ഇല്ല | 3.19 |
| 47 | ഫർണ്ണീച്ചർ വിതരണം നടത്തിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 3.20 |
| 48 | ഗുണഭോക്തൃവിഹിതം ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല | 3.21 |
| 49 | സേവാഗ്രാം പദ്ധതി | 3.22 |
| 50 | പ്രൊജക്റ്റിൽ നിന്നും ശമ്പളമിനത്തിൽ തുക ചെലവഴിച്ചത് – സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം – തുക തടസ്സപ്പെടുത്തുന്നു | 3.23 |
| 51 | സമഗ്ര വിദ്യാഭ്യാസ പരിപാടി, ഗവ.ഗേൾസ് സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം എന്നീ പദ്ധതികളിലെ നടത്തിപ്പിലെ അപാകതകൾ | 3.24 |
| 52 | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3.25 |
| 53 | ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3.26 |
| 54 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 3.27 |
| 55 | ദേശീയ നഗര ഉപജീവനമിഷൻ (NULM) ഫണ്ട് ലഭിച്ചത് ചെലവഴിച്ചില്ല | 3.28 |
| 56 | കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. | 3.29 |
| 57 | കാലാവധിക്കു മുൻപായി ഇംഡംമിനിറ്റി ബോണ്ട് വെച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം | 3.30 |
| 58 | കരാർ ചമക്കാൻ വൈകിയിട്ടും നിയമാനുസൃത നടപടികൾ കൈക്കൊണ്ടില്ല. ഈടാക്കിയ പിഴയിലും കുറവ്. 1983/- രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ് | 3.31 |

| | | |
|---|---|---|
| 59 | പറയൻ തോട് ബണ്ട് നിർമ്മാണം. പ്രവർത്തി കരാർ പ്രകാരം സമയത്തിന് പൂർത്തീകരിച്ചില്ല. നിയമാനുസൃതമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. എക്സ്ട്രാ പ്രവർത്തി അധിക ചിലവുണ്ടാക്കി. | 3.32 |
| 60 | പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ ഭീമമായ കുറവ് | 3.33 |
| 61 | എസ്.എസ്.1 ഇമൽഷൻ സ്റ്റോക്കിൽ അഞ്ച് ബാരലിന്റെ കുറവ് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. | 3.34 |
| 62 | ചട്ടം ലംഘിച്ചുള്ള നടപടിക്രമങ്ങളിലൂടെ നിർമ്മാണ പ്രവർത്തികൾ. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. 999575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3.35 |
| 63 | ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ച് സ്ഥാപനത്തിൽ അടക്കാതെ കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് ചെയ്ത നടപടി ക്രമവിരുദ്ധം. | 3.36 |
| 64 | നടപടിക്രമങ്ങളിലെ അസാധാരണ കാലതാമസം. നഗരസഭക്ക് നഷ്ടം. | 3.37 |
| | ഭാഗം 4 | |
| 65 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 66 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 68 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 69 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 70 | ഓഡിറ്റ് റിക്കവറി | 4.6 |
| 71 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 72 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.8 |
| 73 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 29.3.2017 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 301081903/- രൂപയും ചെലവ് 303432174 /- രൂപയും ആണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിലും ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.7.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

അപാകതകൾ

1. ക്യാഷ് ബാലൻസ് മൈനസ് ആയി (2250061.00) രേഖപ്പെടുത്തിയിരിക്കുന്നു.

2. നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി2- Ear Marked Fund-ൽ മുനിസിപ്പാലിറ്റി പ്രത്യേക ആവശ്യത്തിനായി മാറ്റി വക്കേണ്ട തുകകളാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ MP/MLA ഫണ്ട് ഈയിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4-ൽ പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചതും 31.3.2017 വരെ ചെലവഴിക്കാത്തതുമായ തുകകളാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ വികസന ഫണ്ട് ജനറൽ എസ്.സി.പി., മെയിന്റനൻസ് റോഡ്, നോൺ റോഡ്, ലോകബാങ്ക് ധനസഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഫണ്ടുകളുടെ തൻ വർഷ ചെലവു തുക ബി4 ഷെഡ്യൂളിൽ ഉൾപ്പെടുത്തി കാണുന്നു.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 & ബി6 എന്നിവയിലെ ബാലൻസ് തുകകൾ വായ്പാ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ഷെഡ്യൂൾ ബി5- ൽ താഴെ പറയുന്ന ഹെഡ്ഡുകളിൽ ബാലൻസ് ( -) ആണ്.

a) Loan from Financial Institution

b) Loan from KURDFC

ഷെഡ്യൂൾ ബി6-ൽ Loan from Banks and other financial Institutions എന്ന ഹെഡ്ഡിലെ ബാലൻസും (-) ആണ്.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി12-ലെ ഇൻവസ്റ്റ്മെന്റ് ബാലൻസ് തുക 608957/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

8. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15-ൽ വസ്തു നികുതി ബാലൻസ് (തൻവർഷം, കുടിശ്ശിക) (-) ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വസ്തു നികുതി സെക്ഷൻ R1 തയ്യാറാക്കി സമർപ്പിച്ച ഡി.സി.ബി. പ്രകാരം കുടിശ്ശിക ബാലൻസ് 356390/- രൂപയും തൻവർഷ ബാലൻസ് 1692099/- രൂപയും ആണ്.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 18-ൽ ഹൗസിങ്ങ് ലോൺ, ഓണം അഡ്വാൻസ്, വിവാഹ വായ്പ, Other Loans, Advance to implimenting agencies എന്നിവ (-) ആണ്.

10. തൊഴിൽ നികുതി (Employees) കളക്ഷൻ, വാർഷിക കണക്കും ഡിസിബിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15-ൽ തൊഴിൽ നികുതി തൻവർഷ ബാലൻസ് പിരിച്ചെടുക്കുവാനുള്ള തുക ( -) ആണ്. എന്നാൽ ഡിസിബി പ്രകാരം 140449/- രൂപ ആണ് ബാലൻസ്.

11. ഡെപ്പോസിറ്റ്, അഡ്വാൻസ് തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 11-ൽ Capital Work in Progress-ൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

13. സാമൂഹ്യ ക്ഷേമ പെൻഷൻ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 9-ൽ Pension and Gratuity Payable, Recoveries Payable, GSLIPayable, Refund Payable, Vat Payable എന്നിവ (-) ആണ്.

15. സഞ്ചയയിൽ വസ്തു നികുതി മാപ്പിങ്ങ് നടത്തിയിട്ടില്ല.

16. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷികകണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

17. കാനറ ബാങ്ക് 2 എന്ന അക്കൗണ്ട് പാസ്ബുക്ക് പ്രകാരം ക്ളോസ്ഡ് ആണ്. എന്നാൽ വാർഷിക കണക്കിൽ 0.20 രൂപ ബാലൻസ് കാണിച്ചിട്ടുണ്ട്.
18. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
19. നിക്ഷേപ പ്രവൃത്തികളുടെ ബാലൻസ് തുകകൾ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18-ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ – 14/ 27.9.2017)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 26537591.08

വരവ് – 229573230

ആകെ – 256110821.08

ചെലവ് – 221304713.00

നീക്കിയിരിപ്പ് – 34806108.08

റിമാർക്സ്

വാർഷിക കണക്കിൽ ക്യാഷ് ബാലൻസ് തുക 'മൈനസ്' ആയി കാണിച്ചിരിക്കുന്നു. (-2250061)

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ്/ അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 36660587 | 32406462 | 4254125 | 88.4 |
| വികസനഫണ്ട് എസ്.സി.പി. | 10637775 | 6585280 | 4052495 | 61.9 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് ടി.സ്.പി. | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 9323754 | 7383815 | 1939939 | 79.2 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 44844747 | 17539832 | 27304915 | 39.1 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 47680345 | 23811126* | 23869219 | 49.9% |
| പെർഫോർമൻസ് ഗ്രാന്റ് | 7792099 | 3900000 | 3892099 | 50.05 |

* വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് ആണ് ചേർത്തിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 172916775 | 147 | 92302659 | 20 | 117 | 48 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55849643 | 61070115 | 5220472 | 9.35 |
| നികുതിയേതര വരവുകൾ | 50047828 | 54017384 | 3969556 | 7.93 |
| മറ്റു വരവുകൾ | | | | |
| ആകെ | 105897471 | 115087499 | 9190028 | 8.67 |

## 1-8 ക്ഷേമ പെൻഷനുകൾ

ചെലവുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിബിടി സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 95880 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 2814470 | 251 |
| വിധവാപെൻഷൻ | 20793835 | 2207 |
| വാർദ്ധക്യകാല പെൻഷൻ | 19249280 | 3478 |
| വികലാംഗ പെൻഷൻ | 3680545 | 410 |
| അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 1107490 | 65 |
| വിവാഹ ധനസഹായം | 510000 | 17 |

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല.

1. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതായി അപേക്ഷകൾ പരിശോധിച്ചതിൽ കാണുന്നു.

2. തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സാധന സാമഗ്രികൾ കൈപ്പറ്റുന്നവരുടെ പേര്, വിശദാംശം രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

3. ക്യാഷ് ബുക്ക് ഓരോ ദിവസവും കോപ്പി എടുത്ത് സാക്ഷ്യപ്പെടുത്തി വെക്കുന്നില്ല.

4. വൗച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നുള്ള ക്യാഷ് പേമെന്റ് വൗച്ചർ വെക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.4.2015-25.4.2015 | 2012-13 മുതൽ 2014-15 വരെ | 8.1.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.6.2015-23.6.2015 | 2012-13 മുതൽ 2014-15 വരെ | 13.12.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന അക്കൗണ്ടുകൾ നിലവിൽ ഇടപാടുകൾ നടക്കാത്തവയാണ്. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്ക് | 31.3.2017-ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | TDC ലോൺ അക്കൗണ്ട് 1 | 23721 |
| 2 | ചാലക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം.1 | 8457 |
| 3 | TDC അക്കൗണ്ട് നം.1<br>10700049399 | 10978 |
| 4 | ട്രഷറി PD അക്കൗണ്ട് | 781472 |
| 5 | SBT SSA6701365667-5 | 956280 |
| 6 | UIDSSMT -SBT-682 | 1403 |

## 2-2 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാങ്ക് ഓഫ് ബറോഡ അക്കൗണ്ട് നമ്പർ 34260200000006 അക്കൗണ്ട് ഐ.എച്ച്.എസ്.ഡി.പി.ക്ക് വേണ്ടി ആരംഭിച്ചിരുന്നതാണ്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ ട്രാൻസാക്ഷൻ ഒന്നും നടത്തുന്നില്ല. ഈ അക്കൗണ്ട് വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി സിനിമാസ് -സ്നാക്സ് പാർലർ, ഫുഡ് കോർട്ട് എന്നിവക്ക് സിനിമ തിയ്യറ്ററിന് ബാധകമായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു.

വാർഡ് നമ്പർ 22-ൽ ഡി സിനിമാസിന്റെ കെട്ടിടങ്ങൾക്ക് 230 A മുതൽ G വരെയുള്ള നമ്പറുകളിലായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് (1.12.2014 മുതൽ). 230 A എന്ന കെട്ടിട നമ്പർ

ഫുഡ് കോർട്ട് (585.93 $m^2$) എന്നും 230D സ്നാക്സ് പാർലർ ($452.11m^2$) എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭാ കൗൺസിൽ 12.12.2013 തീയതിയിൽ 2ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വസ്തു നികുതി നിരക്കുകൾ അനുസരിച്ച് 200 $m^2$-ന് മുകളിലുള്ള റസ്റ്റോറന്റ്, ഹോട്ടൽ എന്നിവക്ക് 1 $m^{2-}$ന് 90/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ആയതിനു പകരം തീയറ്ററിന് ബാധകമായ $1m^{2-}$ന് 50 രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-23) അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-4 നഗരസഭാ പരിധിയിലുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ അനുബന്ധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 235 (ബി.എ) പ്രകാരം സർക്കാർ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും മാത്രമേ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളൂ. സ.ഉ.(അ)നം.36/2015/ത.സ്വ.ഭ.വ./24.2.2014 പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ മുതലായവക്ക് 3 രൂപ മുതൽ 8 രൂപ വരെ നികുതി ചുമത്താവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ചാലക്കുടി നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ CKMNSS സ്കൂൾ ഒഴികെയുള്ള സ്കൂളുകളുടെ അനുബന്ധ കെട്ടിടങ്ങൾക്ക് പുതിയ നികുതി നിർണ്ണയ പ്രകാരം നികുതി നിശ്ചയിച്ചിട്ടില്ല എന്നും 2011-12 ഒന്നാം അർദ്ധവർഷം വരെ ഈ സ്കൂളുകൾ നികുതി അടവാക്കിയിട്ടുണ്ട് എന്നും ഓഡിറ്റ് എൻക്വയറി നമ്പർ 7/25.9.2017-ന് മറുപടി നൽകിയിട്ടുണ്ട്. CKMNSS സ്കൂളിന്റെ നികുതി സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 അനധികൃത കെട്ടിടങ്ങൾ വസ്തു നികുതി കുടിശ്ശിക

അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വലിയ തുക വസ്തു നികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | കുടിശ്ശിക |
|---|---|---|---|
| 1 | 20/484D | റിഹ്സാന ഫാത്തിമ | 60592/- 16-17 വർഷം<br>30299/- 17-18 Ist Half<br>(ആകെ 90891/- രൂ) |
| 2 | 31/97A | യു.എ.വർഗ്ഗീസ് | 68040/- 15-16 വർഷം<br>68040/- 16-17 വർഷം<br>34020/- 17-18 Ist Half<br>(ആകെ 170100/-രൂ) |
| 3 | 21/ | K.A.തങ്കച്ചൻ, | 13-14 മുതൽ 17-18 |

| | | | |
|---|---|---|---|
| | 1083A1 | കട്ടക്കയം | Ist Half വരെ- 9,72,500/- |
| 4 | 21/1083A2 | K.A.തങ്കച്ചൻ, കട്ടക്കയം | 13-14 മുതൽ 17-18 Ist Half വരെ -- 9,72,500/- |
| 5 | 21/1083A3 | K.A.തങ്കച്ചൻ, കട്ടക്കയം | 13-14 മുതൽ 17-18 Ist Half വരെ - 4,83,477/-രൂ |
| 6 | 2/129A | ലിജോ ജോസഫ് | 15-16 മുതൽ17-18 Ist Half വരെ - 594713/-രൂ (കേസ് ഉള്ളതാണ്) |

അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ വൻ തുകയാണ് നഗരസഭക്ക് ലഭിക്കുവാനുള്ളത്. കുടിശ്ശിക തുകകൾ കാലാഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഒരേ സ്ഥാപനത്തിന് പല നമ്പറുകളിൽ വസ്തു നികുതി നിർണ്ണയിച്ചു. നഗരസഭക്ക് വരുമാന നഷ്ടം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫോറം നമ്പർ 6 പരിശോധിച്ചതിൽ ഒരേ സ്ഥാപനത്തിന് പല നമ്പറുകളിൽ വസ്തു നികുതി നിർണ്ണയിച്ചതിനാൽ നഗരസഭക്ക് വരുമാന നഷ്ടം ഉണ്ടായതായി കാണുകയുണ്ടായി. വിശദാംശം താഴെ ചേർക്കുന്നു.

1.കെട്ടിട നമ്പർ-xxi-753 മുതൽ 763 UA വരെ –സണ്ണി സിൽക്ക്സ്

ശ്രീ.സണ്ണി, പഞ്ഞിക്കാരൻ എന്ന വ്യക്തിയുടെ പേരിൽ കെട്ടിട നമ്പർ-xxi-753 മുതൽ 762 വരെ 10 നമ്പറുകളിലായാണ് സണ്ണി സിൽക്ക്സ് എന്ന ടെക്സ്റ്റെയിൽസ് സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ആകെ 691.03 $m^2$ വിസ്തൃതി ഉള്ള സ്ഥാപനത്തിന് 10 നമ്പറുകളിലായി 1 $m^2$-ന് 70 രൂപ നിരക്കിലായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയ വസ്തു നികുതി നിർണ്ണയ നിരക്കുകൾ പ്രകാരം 100 $m^{2-}$ന് മുകളിലുള്ള ഷോപ്പുകൾക്ക് 1 $m^2$-ന് 90 രൂപ നിരക്കിലായാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. കൂടാതെ തറ നിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിങ്ങ് എന്നീ വർദ്ധനവുകൾ ഒന്നും തന്നെ പ്രസ്തുത സ്ഥാപനത്തിന് നികുതി നിർണ്ണയിച്ചതിൽ പരിഗണിച്ചിട്ടില്ല.

2.xx-350 മുതൽ xx362 വരെ ഫോർമോസ്റ്റ്

ശ്രീ ഷിബു എലുവത്തിങ്കൽ എന്ന വ്യക്തിയുടെ പേരിൽ ഉള്ള പ്രസ്തുത സ്ഥാപനത്തിനും 1 $m^{2-}$ന് 70 രൂപ നിരക്കിലായാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. കൂടാതെ തറ നിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിങ്ങ് എന്നീ വർദ്ധനവുകൾ ഒന്നും തന്നെ പ്രസ്തുത സ്ഥാപനത്തിന്റേയും നികുതി നിർണ്ണയിച്ചതിൽ പരിഗണിച്ചിട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം xx-350 മുതൽ xx362 വരെ കടമുറികൾ ശ്രീ അബ്ദുൾ ഗഫൂർ, റങ്കുൺ, 37/2127A, കത്രിക്കടവ്, കലൂർ എന്ന വ്യക്തിയുടെ പേരിൽ ഫോർമോസ്റ്റ് ടെക്സ്റ്റെയിൽസ്, റെഡിമെയ്ഡ്സ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായാണ് നൽകിയിരിക്കുന്നത്. ആകെ 13 നമ്പറുകളിലായി 294 $m^2$ ഉള്ള പ്രസ്തുത

സ്ഥാപനത്തിനും 1 $m^2$-ന് 90 രൂപ നിരക്കിലായാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം 100$m^2$-ന് താഴെയുള്ള കടമുറികൾക്ക് 1 $m^2$-ന് 70 രൂപ നിരക്കിലും 100 $m^2$-ന് മുകളിലുള്ള ഷോപ്പുകൾക്ക് 1 $m^2$-ന് 90 രൂപ നിരക്കിലും ആയാണ് നിശ്ചയിച്ചിട്ടുള്ളത്. നികുതിയിൽ കുറവ് വരുത്തുന്നതിനായി വ്യത്യസ്ത നമ്പറുകളിലായി നമ്പർ ഇട്ട് വാങ്ങിയ ശേഷം ഒരു സ്ഥാപനമായി പ്രവർത്തിക്കുന്നത് നഗരസഭക്ക് നികുതി നഷ്ടത്തിന് ഇടയാക്കും. ആയതിനാൽ നഗരസഭാ പരിധിയിലെ കമേഴ്സ്യൽ സ്ഥാപനങ്ങളുടെ ഭൗതിക പരിശോധന നടത്തി ഫോറം നമ്പർ 6 പ്രകാരം നിർണ്ണയിച്ചിട്ടുള്ള നികുതി നിർണ്ണയത്തിൽ മേൽ പ്രകാരമുള്ള അപാകങ്ങൾ സംഭവിച്ചിട്ടില്ല എന്ന് പരിശോധിച്ച് നഗരസഭയുടെ വരുമാന നഷ്ടം തടയേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 നിർമ്മല കോളേജ് - എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. നഗരസഭക്ക് വരുമാന നഷ്ടം

ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ നഗരസഭയിലെ 20ാം വാർഡിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നിർമ്മല ആർട്ട്സ് & സയൻസ് കോളേജ് എന്ന സ്ഥാപനം 5 നിലകളുള്ള കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. തൊട്ടടുത്തായി നിർമ്മല കോളേജ് (എം.കോം, ബി.കോം കോഴ്സുകൾ) മറ്റൊരു 3 നിലക്കെട്ടിടവും ഉണ്ട്. (ചിത്രം ചേർക്കുന്നു.).







വസ്തുതി നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ UA xxv-867 എ (old), UA xxv-866 എ (old) എന്നിങ്ങനെ രണ്ട് നമ്പറുകളിലായി യഥാക്രമം 1355.52 $m^2$-നും, 418.20 $m^2$-നും ആണ്

നികുതി നിർണ്ണയിച്ചിട്ടുള്ളത്. ML11/2010 പ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. 2010-11 മുതൽ സ്ഥാപനം വസ്തു നികുതി അടവാക്കിയിട്ടുമില്ല. നിർമ്മല കോളേജ് (എം.കോം, ബി.കോം കോഴ്സുകൾ) പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിൽ 1954-ൽ സ്ഥാപിതം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന പ്രസ്തുത സ്ഥാപനങ്ങൾക്ക് നാളിതുവരെ കൃത്യമായി നികുതി നിർണ്ണയിക്കാതിരുന്നതും കുടിശ്ശിക ഈടാക്കുന്നതിൽ വരുത്തിയ ഉദാസീനതയും നഗരസഭയുടെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. (ഓഡിറ്റ് എൻക്വറി നമ്പർ-18/3.10.2017). സ്ഥാപനത്തിന്റെ നികുതി നിർണ്ണയം നടത്തുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കാലാഹരണപ്പെട്ട കുടിശ്ശികത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ്.

## **2-8** <u>വസ്തു നികുതി കുടിശ്ശിക - റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.</u>

ഫയൽ നമ്പർ – 11948/17

ഫയൽ പരിശോധിച്ചതിൽ 3 വർഷത്തിലധികമായി കുടിശ്ശിക വന്ന വസ്തുനികുതിക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ 17.7.2017-ൽ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. 18 വാർഡുകളിലെ കുടിശ്ശിക വിവരം ആണ് ബിൽ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | കുടിശ്ശിക തുക |
|---|---|
| 3 | 92020 |
| 4 | 112425 |
| 5 | 86453 |
| 6 | 68660 |
| 7 | 43887 |
| 8 | 28616 |
| 9 | 55669 |
| 10 | 27022 |
| 11 | 37771 |
| 12 | 29338 |
| 13 | 157797 |
| 14 | 141242 |
| 19 | 2257140 |
| 20 | 600727 |
| 21 | 873873 |
| 22 | 915805 |
| 23 | 28138 |
| 31 | 88518 |

കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആകെ 36 വാർഡുകളാണ് നഗരസഭയിൽ ഉള്ളത്. മറ്റു വാർഡുകളിലെ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 സർക്കാർ ഉത്തരവിനു വിരുദ്ധമായി പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മൂന്ന് സ്ളാബുകളിലായി നികുതി നിശ്ചയിച്ചു. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി മാപ്പിങ്ങ് നടത്തുവാൻ സാധിച്ചില്ല.

സ.ഉ.(അ)നമ്പർ.17/2011.ത.സ്വ.ഭ.വ./14.1.2011-ന്റേയും സ.ഉ.(അ)100/2013.ത.സ്വ.ഭ.വ. /15.3.2013 നമ്പർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിലിന്റെ 12.12.2013 തീയതിയിലെ 2ാം നമ്പർ തീരുമാന പ്രകാരം ചാലക്കുടി നഗരസഭയിലെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചു. ആയതിൻ പ്രകാരം പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് മൂന്ന് സ്ലാബുകളിലായി നികുതി നിശ്ചയിച്ചു.

1. 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവ – 8/-

2. 100ച.മീ. മുതൽ 150 ച.മീ വരെ തറ വിസ്തീർണ്ണമുള്ളവ – 10/-

3. 150 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ – 14/-

പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഒരു അടിസ്ഥാന നികുതി മാത്രമേ എന്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ മേൽ പ്രകാരം നികുതി നിശ്ചയിച്ചത് മൂലം വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുവാൻ സാധിച്ചിട്ടില്ല. പാർപ്പിടേതര കെട്ടിടങ്ങൾക്ക് ഇത് ബാധകമല്ല എങ്കിലും അവയുടെ വസ്തു നികുതിയും സഞ്ചയയിൽ എൻട്രി വരുത്തിയിട്ടില്ല. നിലവിൽ അസസ്സ്മെന്റ് രജിസ്റ്ററിൽ ഫോറം നമ്പർ 6 പ്രകാരമുള്ള വസ്തുനികുതി എഴുതി തയ്യാറാക്കുകയാണ് ചെയ്തു വരുന്നത്. 1.4.2013 മുതൽ വസ്തു നികുതി പരിഷ്കരണ പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെങ്കിലും 1.4.2013-നു മുൻപ് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി കൂട്ടി ചേർക്കലിന്റെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയിച്ചിട്ടുണ്ടോ എന്നും പാർപ്പിടേതര കെട്ടിടങ്ങൾക്ക് വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നും സഞ്ചയയിൽ മാപ്പിങ്ങ് നടത്താത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം4 (3) പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഉപയോഗ ക്രമത്തിനനുസരിച്ച് അതു സംഗതി പോലെ ഒരേ ഇനത്തിലോ അതിന്റെ ഉപ വിഭാഗത്തിലോ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ഭരണ സമിതി കൈക്കൊണ്ട തീരുമാനം വീണ്ടും റദ്ദ് ചെയ്യുന്നതിന് നിയമ തടസ്സമുള്ളതിനാൽ നിലവിലുള്ള നിരക്കുകൾ ഏകീകരിക്കുന്നതിനും ആയതു പ്രകാരം വസ്തു നികുതി നിരക്ക് വിജ്ഞാപനം ചെയ്യുന്നതിനും സർക്കാരിനോട് അപേക്ഷിക്കുവാൻ ഉള്ള അജണ്ട അംഗീകാരത്തിനായി ഭരണ സമിതി മുമ്പാകെ വയ്ക്കുവാൻ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. ആയതിനുള്ള നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-10 മൊബൈൽ ടവർ വസ്തു നികുതി -കുടിശ്ശിക തുക കാലാഹരണപ്പെടാതെ പിരിച്ചെടുക്കേണ്ടതാണ്.

നഗരസഭയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 26 മൊബൈൽ ടവറുകളാണ് ഉള്ളത്. അതിൽ 18 എണ്ണവും അനധികൃതമാണ്. മൊബൈൽ ടവറുകളുടെ കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരമുള്ള കുടിശ്ശിക വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | അസസ് ചെയ്ത വർഷം | അസസ് ചെയ്ത തുക (3 ഇരട്ടി തുക) | കുടിശ്ശികയുടെ വിശദാംശം |
|---|---|---|---|---|
| 1 | 25/192S(UA) | 2008-09 | 8700 | 2008-09 മുതൽ |
| 2 | 5/337A(UA) | 2008-09 | 26460 | 2008-09 മുതൽ |
| 3 | 11/422A(UA) | 2010-11 | 26460 | 2010-11 ,, |
| 4 | 13/380A(UA) | 2008-09 | 26460 | 2008-09 ,, |
| 5 | 22/394A(UA) | 2012-13 | 21600 | 2012-13 ,, |
| 6 | 24/157D1(UA) | 2011-12 | 116910 | 2011-12 ,, |
| 7 | 18/126I(UA) | 2011-12 | 63450 | 2011-12 ,, |
| 8 | 25/488C(UA) | 2011-12 | 78300 | 2011-12 ,, |

അനധികൃത മൊബൈൽ ടവറുകളുടെ കുടിശ്ശിക തുക കാലാഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ഷേയർ മൈക്രോഫിനാൻസ് 2.ധന്യ മിഷൻ ആശുപത്രി (രണ്ടാം പാദം) 3.ഫെഡറൽ ബാങ്ക്(നോർത്ത്) (രണ്ടാം പാദം) 4.എസ്.ബി.ടി (പി.എസ്.ബി) 5.ദേന ബാങ്ക് 6.വെൽഫെയർ അഗ്രി ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റി. 7.സിറ്റി ടെക്സ്റ്റെയിൽസ് 8.അഗ്രോ ഇൻഡസ് ഫിനാൻസ് 9.ബജാജ് ഫിനാൻസ് സർവ്വീസ് 10.ഇറാം മോട്ടോർസ് 11.സപ്ലൈകോ ഡിപ്പോ 12.കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി 13.നീതി മെഡിക്കൽ സ്റ്റോർ 14.ഐ വിഷൻ ഐ കെയർ 15.അർബൻ കോപ്പറേറ്റീവ് ബാങ്ക് 16.ഡി.സിനിമാസ് 17.ബി.എസ്.എൻ.എൽ(വാർഡ് 20) 18.എസ്.ബി.ഐ(എ.ഡി.ബി) 19.ഹെഡ്ജ് ഇക്വിറ്റി ഷേയർ 20.ബിവറേജ് കോർപ്പറേഷൻ 21.യൂണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് 22.ഇരിഞ്ഞാലക്കുട കോപ്പറേറ്റീവ് അഗ്രി ബാങ്ക് 23.സൗത്ത് ഇന്ത്യൻ ബാങ്ക് 24.ഐ.സി.ഐ.സി.ഐ ബാങ്ക് 25.എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ് 26.എച്ച്.ബി.എൽ ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് 27.ജിയോജിത്ത് പി.എൻ.ബി പാരിബാസ് 28.എച്ച്.ഡി.എഫ്.സി ബാങ്ക് 29.ഹോട്ടൽ റോയൽ പാലസ് 30.അക്കര തിയ്യറ്റർ 31.റേയ്ഡ്കോ 32.കേരള മാടിമോണി 33.അഡ്കോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 34.ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സ് 35.ഫിനോമിനൽ മാൾ & ലൈഫ് ഇൻഷ്വറൻസ് 36.കേയർ ഫസിലിറ്റീസ് മേനേജ് മെന്റ് 37.ഡോറ മൈക്രോ ഫിനാൻസ് 38.വെർടെക്സ് സെക്യൂരിറ്റീസ് 39.ബ്ലൂ ബെൽ 40.പോനോലിക്സ് (ഒന്നാം പാദം) 41.മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് 42.കാനറ ബാങ്ക്

(ഒന്നാം പാദം) 43.സിൻഡിക്കേറ്റ് ബാങ്ക് (രണ്ടാം പാദം) 44.ജെ.ആർ.ജി മേനേജ് മെന്റ് 45.യൂണിയൻ ബാങ്ക് (ഒന്നാം പാദം) 46.ബി.എസ്.എൻ.എൽ (വാർഡ് 21) 47.മുത്തൂറ്റ് ഫിൻ കോർപ്പ് 48.മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് 49.ജിയം മോട്ടേർസ് 50.ICARD ബാങ്ക് 51.ആശീർവാദ് മൈക്രോ ഫിനാൻസ് 52.ഫോർമോസ്റ്റ് 53.ചാലക്കുടി റീജനൽ സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി 54.നിർമ്മല ആർട്ട്സ്&സയൻസ് കോളേജ് 55. നിർമ്മല കോളേജ്

ആയതിനാൽ മേൽ പറഞ്ഞ എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1. 2016-17 സാമ്പത്തിക വർഷത്തിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിലെ വർക്കുകളുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും, മറ്റു ജോലികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 5 തി.25.9.2017 നൽകിയതിന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

2. ചാലക്കുടി മുനിസിപ്പാലിറ്റി പരിധിയിൽ ജോലി ചെയ്തു വരുന്ന വക്കീൽ ഉദ്യോഗസ്ഥരിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചാലക്കുടി മുനിസിപ്പാലിറ്റി പരിധിയിൽ 3 കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് അന്വേഷണം 5 തി.25.9.2017 നൽകിയതിന് മറുപടിയായി 5 പേർ അടവാക്കിയിട്ടുള്ളതായും ബാക്കിയുള്ളവർക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കാത്തവരിൽ നിന്നും ഈടാക്കേണ്ടതാണ്.

3. താഴെ പറയുന്ന സ്ഥാപനങ്ങളെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. ബ്രില്ല്യൻസ് കോളേജ് 2.ലക്ഷ്മി ജ്വല്ലറി 3.ഐശ്വര്യ മാട്രിമോണി 4.കൊശമറ്റം ഫിനാൻസ്
5.ജി-ടെക് കമ്പ്യൂട്ടർ എജ്യുക്കേഷൻ

4. താഴെ പറയുന്ന സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. നിപ്പൺ ടൊയോട്ട 2.അവർ ഔൺ മാർബിൾസ് 3.ശ്രീലക്ഷ്മി ടെക്സ്റ്റെയിൽസ് 4.അർച്ചന മോട്ടോർസ് 5.ഷേയർ മൈക്രോ
ഫിനാൻസ് ലി. 6.കേരള ബാംബൂ കോർപ്പറേഷൻ 7.പി.എച്ച് പി.ഒ സെക്ഷൻ, ഇൻവെസ്റ്റിഗേഷൻ
8.ശാലോം ആശുപത്രി
9.എച്ച്.ബി.എൽ ഗ്ലോബൽ പ്രൈ. ലി.(രണ്ടാം പാദം) 10.മെഹബൂബ് ഡയഗ്നോസ്റ്റിക് (രണ്ടാം പാദം)
11.എച്ച്.ഡി.എഫ്.സി ബാങ്ക്
12.ഓറഞ്ച് ബാക്ക്സ് 13.പുല്ലൻ ക്ലീനിക് 14.DYSP, ചാലക്കുടി 15.സിദ്ധാർഥ് റെസ്റ്റോറന്റ്
16.ജെ.ആർ.ജി വെൽത്ത് മാനേജ്മെന്റ് 17.കെ.എസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 18. ICARD ബാങ്ക് 19.എലിഞ്ഞിപ്ര അഗ്രി. സൊസൈറ്റി

5. നിർമ്മല കോളേജ്, നിർമ്മല ആർട്ട്സ് & സയൻസ് കോളേജ് എന്നീ സ്ഥാപനങ്ങൾ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കോളേജുകളിൽ നൂറിലധികം ആളുകൾ പ്രവർത്തിച്ചു വരുന്നു. ഓഡിറ്റ് അന്വേഷണം 5 തി.25.9.2017-ന് നൽകിയതിനുള്ള മറുപടിയിൽ, 2017-18 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക നഗരസഭ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിങ്ങ് ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം, അവയുടെ ടെണ്ടർ ഫീസ്, വാറ്റ് എന്നിവ അടച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയില്ല. ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-14 വാടക - അപാകതകൾ

(i) ബൈലോ തയ്യാറാക്കിയിട്ടില്ല

നഗരസഭയിലെ കടമുറികളുടെ വാടക വ്യവസ്ഥകൾ സംബന്ധിക്കുന്ന ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അംഗീകൃത ബൈലോ അനുസരിച്ച് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii) വാടക വർദ്ധിപ്പിക്കുന്നില്ല

നഗരസഭയിലെ കടമുറികളുടെ വാടക 14-15, 15-16, 16-17 സാമ്പത്തിക വർഷങ്ങളിൽ വർദ്ധിപ്പിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി അതനുസരിച്ച് വാർഷിക വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iii) വാടക ഈടാക്കിയില്ല

തൻവർഷം ചുവടെ ചേർക്കുന്ന കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കടമുറി നമ്പർ | വാടകക്കാരന്റെ പേര് | കാലയളവ് | പ്രതിമാസ വാടക | ആകെ |
|---|---|---|---|---|---|
| | പോട്ട മിനി മാർക്കറ്റ് | | | | |
| 1 | 2/504 (1) | പങ്കജാക്ഷൻ | 12/16 മുതൽ 3/17 വരെ | 700 | 2800 |
| 2 | 2/504 (8) | ജോയി.കെ.പി. | 4/16-3/17 | 1000 | 15000 |
| 3 | 2/504 (14) | ടി.വി.സെബാസ്റ്റ്യൻ | 1/17-3/17 | 500 | 1500 |

| | | | | | |
|---|---|---|---|---|---|
| 4 | 2/504 (15) | സി.ടി.അന്തോണി | 3/17 | 500 | 500 |
| 5 | 2/504 (17) | ലിജോ ജോർജ്ജ് | 8/16-3/17 | 500 | 4000 |
| 6 | 2/504 (18) | പോളി ജോസഫ് | 8/16-3/17 | 600 | 4800 |
| | ജൂബിലി ബിൽഡിംഗ് | | | | |
| 1 | J.B-8 | ലില്ലി ജോസ് | 12/16 മുതൽ 3/17 വരെ | 2200 | 8800 |
| 2 | J.B-10 | കെ.സി.വേണു | 2/16-3/17 | 2200 | 30800 |
| 3 | J.B-19 | കെ.എ.ഇട്ടീര | 10/16-3/17 | 1375 | 8250 |
| 4 | J.B-255F | ബ്രൂഡി പുതിയേടൻ | 1/17 മുതൽ 3/17 വരെ | 1650 | 4950 |
| 5 | J.B-1A | ജീവൻ.പി.വി. | 1/16-3/17 | 10879 | 54395 |
| 6 | J.B-35F | ടി.കെ.ലക്ഷ്മിണി | 2/17-3/17 | 12782 | 25564 |
| 7 | J.B-29 | സി.എസ്.കുഞ്ഞാറു | 2/17-3/17 | 2200 | 4400 |
| 8 | J.B-32 | തമ്പി വർഗ്ഗീസ് | 4/16-3/17 | 2217 | 26604 |
| | ടൗൺ ഹാൾ | | | | |
| 1 | TH-16 | ടി.ജി.ഹരി | 3/17 | 1650 | 1650 |
| 2 | TH-43 | സിനി വിനോദ് | 7/16-3/17 | 1650 | 14850 |
| 3 | TH-48 | പി.എ.ബിജു | 10/16-3/17 | 1650 | 9900 |
| 4 | TH-49 | കെ.ആർ.ജോജോ | 9/16-3/17 | 1650 | 11550 |
| 5 | TH-54 | ഷീല ഫ്രാൻസീസ് | 4/16-3/17 | 1650 | 19800 |
| 6 | TH-55 | സിജി ബാബു | 10/16-3/17 | 1650 | 9900 |
| 7 | TH-72 | ശശികല ശ്രീധരൻ | 11/15-3/17 | 2310 | 39270 |
| | മാർക്കറ്റ് | | | | |
| 1 | C-5 | പി.കെ.രാമൻ | 2/16-3/17 | 433 | 6034 |
| 2 | C-26 | സി.പി.ഐ. സെക്രട്ടറി | 11/16-3/17 | 652 | 3260 |
| 3 | C-31 | ലക്ഷ്മിക്കുട്ടി | 4/16-3/17 | 477 | 5724 |
| 4 | C-32 | സുബ്രൻ | 7/16-3/17 | 1650 | 14850 |
| 5 | C-33 | സി.പി.ഐ. സെക്രട്ടറി | 11/16-3/17 | 392 | 1960 |
| 6 | S.P.S-24 | സി.കെ.ജോണി | 6/16-3/17 | 480 | 4800 |
| 7 | S.P.S-40 | മേരി വർഗ്ഗീസ് | 3/17 | 215 | 215 |
| 8 | FS-20 | പി.പി.ജോർജ്ജ് | 3/17 | 920 | 920 |
| 9 | FS-23 | കെ.വി.സജി | 4/16-3/17 | 920 | 11040 |
| 10 | FS-24 | ദേവസ്സി | 11/16-3/17 | 920 | 4600 |
| 11 | FS-26 | എം.എൽ.ആന്റോ | 4/16-3/17 | 920 | 11040 |

| | | | | | |
|---|---|---|---|---|---|
| 12 | FS-28 | എം.എൽ.ജോളി | 6/16-3/17 | 1150 | 11500 |
| 13 | FS-35 | എം.എൽ.ഡേവിസ് | 8/16-3/17 | 1310 | 10480 |
| 14 | FS-36 | എം.എൽ. ജോൺസൺ | 1/17-3/17 | 1310 | 3930 |
| 15 | FS-42 | എൻ.കെ.തങ്കപ്പൻ | 3/16-3/17 | 1400 | 18200 |
| | ബസ് സ്റ്റാന്റ് | | | | |
| 1 | 1FF | എ.കെ.സെബാസ്റ്റ്യൻ | 10/16-3/17 | 30850 | 185100 |
| 2 | A.T.M | ഫെഡറൽ ബാങ്ക് | 2/17-3/17 | 5500 | 11000 |
| 3 | S-12 | വി.കെ.കരുണൻ | 9/16-3/17 | 1215 | 8505 |
| 4 | S-17 | ടി.സി.ചന്ദ്രൻ | 7/16-3/17 | 588 | 5292 |
| 5 | S-18 | പി.ജി.ഉദയൻ | 5/16-3/17 | 602 | 6622 |
| 6 | D-5 | കെ.വസന്തൻ | 12/16-3/17 | 1067 | 4268 |
| 7 | D-15 | ബാബു ജോൺ | 6/16-3/17 | 1382 | 13820 |
| 8 | D-16 | സി.എം.അയ്യപ്പൻ | 1/17-3/17 | 1888 | 5664 |
| 9 | D-19 | ഷൈജു | 1/17-3/17 | 1155 | 3465 |
| 10 | D-20 | അരുൺ ബാബു | 1/17-3/17 | 1304 | 3912 |
| 11 | D-24 | സി.എസ്.സജിത്ത് | 11/16-3/17 | 834 | 4170 |
| 12 | D-25 | ഷാലി ജോസ് | 6/16-3/17 | 1394 | 13940 |
| ആകെ | | | | | 673594 |

ഈ കടമുറികളുടെ വാടക 6,73,594 രൂപ ഓഡിറ്റ് കാലയളവിലും (17-18) ഈടാക്കിയിട്ടില്ല. വാടക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(iv) <u>കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നു</u>

നഗരസഭയുടെ വിവിധ കേന്ദ്രങ്ങളിലെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന കടമുറികൾ ലേലം നടത്തിയിട്ടും ഏറ്റെടുക്കാതെ ഒഴിഞ്ഞുകിടക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറികളുടെ നമ്പർ/ ഷോപ്പിംഗ് കോംപ്ലക്സ് | ഉപയോഗം | ഡെപ്പോസിറ്റ് | വാടക |
|---|---|---|---|---|
| | ടൗൺ ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 1 | TH/SF-57 | ഷോപ്പിംഗ് കോംപ്ലക്സ് | 4,00,000 | 1500 |
| 2 | TH/SF-63 | ഷോപ്പിംഗ് കോംപ്ലക്സ് | 5,00,000 | 1500 |
| | മാർക്കറ്റ് | | | |
| 3 | FS-10 | ഫിഷ് സ്റ്റാൾ | 10,00,000 | 1000 |

| | | | | |
|---|---|---|---|---|
| 4 | FS-38 | ഫിഷ് സ്റ്റാൾ | 10,00,000 | 1000 |
| 5 | FS-40 | ഫിഷ് സ്റ്റാൾ | 10,00,000 | 1000 |
| 6 | FS-14 | ഫിഷ് സ്റ്റാൾ | 10,00,000 | 810 |
| 7 | FS-13 | ഫിഷ് സ്റ്റാൾ | 10,00,000 | 810 |
| | പോട്ട മിനി മാർക്കറ്റ് | | | |
| 8 | 2/504(2) | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 7,00,000 | 1000 |
| 9 | 2/504(3) | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 7,00,000 | 1000 |
| 10 | 2/504(4) | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 7,00,000 | 1000 |
| 11 | 2/504(5) | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 7,00,000 | 1000 |
| 12 | 2/504(6) | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 7,00,000 | 1000 |
| | സൗത്ത് ബസ് സ്റ്റാന്റ് | | | |
| 13 | 20/659C | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 30,55,000 | 3800 |
| 14 | 20/659E | വെജിറ്റബിൾ, കൂൾ ഡ്രിംഗ്സ് | 25,45,000 | 3200 |
| | സൗത്ത് കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗ് | | | |
| 15 | 20/308A | കടമുറി | 25,00,000 | 3000 |
| 16 | 20/308B | കടമുറി | 5,00,000 | 1500 |

ഈ കടമുറികൾ 16-17 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നവയാണ്. ടി കടമുറികളുടെ ലേല -പുനർ ലേല നടപടികളിലൂടെ വാടകയ്ക്ക് നല്കി വിവരം അറിയിക്കേണ്ടതാണ്.

(v) <u>കടമുറികളുടെ കൈമാറ്റം</u>

നഗരസഭ കടമുറികൾ കൈമാറ്റം ചെയ്യുമ്പോൾ 10% വാടക വർദ്ധനവും കമ്മിറ്റി തീരുമാനത്തിന് വിധേയമായി അധിക ഡെപ്പോസിറ്റ് തുകയും ഈടാക്കിയാണ് കടമുറികളുടെ കൈമാറ്റം അനുവദിക്കുന്നത്. എന്നാൽ മാർക്കറ്റ് ബിൽഡിംഗിലെ FS-5, FS-17, 18, 22, 25, 29, 33, 35, B-3, 25, D-7 എന്നീ കടമുറികൾ കൈമാറ്റം ചെയ്തപ്പോൾ ഇപ്രകാരം വാടക വർദ്ധനവോ, അധിക ഡെപ്പോസിറ്റ് തുകയോ ഈടാക്കാതെയാണ് കൈമാറ്റം നടത്തിയിട്ടുള്ളത്. (14.2.17-ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനം). ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയില്ല.

(vi) <u>നഗരസഭയിലെ വിവിധ കമ്മ്യൂണിറ്റി ഹാളുകളുടെ വാടക വർദ്ധിപ്പിക്കുന്നില്ല</u>

നഗരസഭയിലെ വിവിധ കമ്മ്യൂണിറ്റി ഹാളുകളായ വി.ആർ.പുരം കമ്മ്യൂണിറ്റി ഹാൾ, ഉറുമ്പൻ കുന്ന്,

ഗാന്ധിനഗർ എന്നീ കമ്മ്യൂണിറ്റി ഹാളുകളുടെ വാടക 15.10.2013 (കമ്മറ്റി തീരുമാനം നം.-18)ന് ശേഷം പുതുക്കി നിശ്ചയിച്ചിട്ടില്ല. വിവാഹ ആവശ്യങ്ങൾക്കും പൊതു സമ്മേളനങ്ങൾക്കുമുപയോഗിക്കുന്ന ടി ഹാളുകളുടെ പ്രതിദിന വാടക 750/- രൂപയാണ്. മേൽ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ജനറേറ്റർ സ്ഥാപിച്ചത് ഉപയോഗപ്പെടുത്തുന്നതിനായി വാടക ഈടാക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-15 ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

ചാലക്കുടി നഗരസഭ വക പോട്ട വില്ലേജിൽ സർവ്വെ നമ്പർ 213-ൽപ്പെട്ട 2 ഏക്കർ സ്ഥലം അഞ്ച് സെന്റ് മുതൽ ഇരുപതു സെന്റ് വരെയുള്ള പ്ളോട്ടുകളായി തിരിച്ച് സെന്റ് ഒന്നിന് 5000/- രൂപ ഡെപ്പോസിറ്റും 200/- രൂപ പ്രതിമാസ വാടകയും നിശ്ചയിച്ച് 25.2.2009-ലെ 24-ാം കമ്മിറ്റി തീരുമാന പ്രകാരം 99 വർഷത്തേയ്ക്ക് ഡീഡ് വ്യവസ്ഥയിൽ വ്യവസായ സംരംഭകർക്ക് നല്കിയിട്ടുണ്ട്. ടി സ്ഥലം വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ച് കിട്ടുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും സർക്കാർ അനുമതി ലഭിച്ചില്ല. വ്യവസായ സംരഭകർക്ക് 99 വർഷത്തെ ഡീഡ് വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്ത് നല്കിയ സ്ഥലം വ്യവസായ വകുപ്പിന്റെ നിർദ്ദേശാനുസരണം 25 വർഷത്തേയ്ക്ക് കാലയളവ് പുനർ നിർണ്ണയിച്ച് ഭൂമിവിലയിൽ ആവശ്യമായ വർദ്ധനവോടെ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് 15.7.2016-ന് ചേർന്ന നഗരസഭ കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ വ്യവസായ സംരംഭകരുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തന ക്ഷമമാക്കി ആയതു നഗരസഭയുടെ പുരോഗതിയ്ക്കും വരുമാന വർദ്ധനവിനും ഇടയാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-16 ചെക്കുകൾ തനതുഫണ്ടിൽ വരവു വന്നിട്ടില്ല

താഴെ പറയുന്ന ചെക്കുകൾ തനതുഫണ്ടിൽ വരവു വന്നതായി കാണുന്നില്ല.

| സ്ഥാപനം | ചെക്ക് നം | തുക |
|---|---|---|
| കെ.എസ്.ഇ.ബി (പ്രൊഫഷണൽ ടാക്സ്) | 929224/04.02.2017 | 77,250/- |
| എസ്.ഐ ഓഫ് പോലീസ് (പ്രൊഫഷണൽ ടാക്സ്) | 2337937/17.02.2017 | 77,000/- |

ആയതിനാൽ മേൽ പറഞ്ഞ ചെക്കുകൾ തനതുഫണ്ടിൽ വരവു വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-17 നഗരസഭയിൽ മാനുവൽ അക്കൌണ്ടിങ്ങ് പിൻതുടരുന്നു. “സാംഖ്യ"യിൽ കുടിശ്ശികയായി ഡാറ്റാ എൻട്രി നടത്തുന്നു. പണം പിൻവലിക്കൽ പരിശോധന, എല്ലാ വൗച്ചറുകളുടെയും ട്രേസിങ്ങ് എന്നിവ നടത്താനായില്ല.

മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2007, അക്കൗണ്ട്സ് മാന്വൽ 2007, എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ കണക്കുകൾ തയ്യാറാക്കുന്നതിന് രൂപപ്പെടുത്തിയ "സാംഖ്യ" സോഫ്റ്റ് വെയറിൽ

ദൈനംദിന കണക്കുകൾ തയ്യാറാക്കി കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പ്രതിമാസം ബാങ്ക് റീകൺസീലിയേഷൻ നടത്തുകയോ ചെയ്യുന്നില്ല. നഗരസഭയിൽ ഇപ്പോഴും പഴയ രീതിയിലുള്ള മാനുവൽ കാഷ്ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നു. "സാംഖ്യ" സോഫ്റ്റ് വെയറിൽ പിന്നീട് ഒരു കാലയളവിലെ മുഴുവൻ ഡാറ്റാ എൻട്രിയും ഒരുമിച്ച് (കാഷ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള രേഖപ്പെടുത്തലുകൾ ഉൾപ്പെടെ) രേഖപ്പെടുത്തുന്നതായും കാണുന്നു. ഇതുമൂലം കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയുടെ ദൈനംദിന നീക്കിയിരിപ്പ് തുക യഥാർത്ഥ നീക്കിയിരിപ്പുമായി വ്യത്യസ്തമായിരിക്കുന്നതും കണക്കുകളുടെ സൂക്ഷിപ്പിന്റെയും കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പാക്കിയതിന്റേയും അടിസ്ഥാന ലക്ഷ്യങ്ങൾപ്പോലും നിറവേറ്റപ്പെടാതെ പോകുന്നതുമാണ്.

ഇതിന്റെ തുടർച്ചയായി വൗച്ചറുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ കടന്നു കൂടിയിട്ടുണ്ട്. ഇപ്രകാരം കണക്കു സൂക്ഷിക്കുന്നതിനാൽ "സാംഖ്യ" സമ്പ്രദായത്തിൽ ലഭിക്കുന്ന വൗച്ചർ നമ്പർ വൗച്ചറുകളിൽ രേഖപ്പെടുത്തുന്നില്ല. എല്ലാ വൗച്ചറുകളും ക്രമമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. ബാങ്ക് ബുക്ക്, കാഷ് ബുക്ക് എന്നിവ ദൈനംദിനം ക്ലോസ് ചെയ്ത്, പ്രിന്റ് എടുത്ത്, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചത് ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ പണം പിൻവലിക്കൽ പരിശോധന, വൗച്ചറുകളുടെയും ട്രേസിങ്ങ് എന്നിവ കൃത്യമായി നടത്താനായില്ല.

ഈ വിഷയത്തിലേയ്ക്ക് നഗരസഭയുടെയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റേഡിയം വാങ്ങുന്നതിനായി സ്ഥലം അക്വയർ ചെയ്തത്- നഗരസഭക്ക് വൻ തുക ബാധ്യത

ഫയൽ നം. എ1/12855/11

നഗരസഭ സ്റ്റേഡിയം പണിക്കായി സ്ഥലം അക്വയർ ചെയ്യുന്നതിന് 25000000/- രൂപ ടി.ഡി.സി.ബി ചാലക്കുടി ഈവനിംഗ് ബ്രാഞ്ചിൽ നിന്ന് വായ്പ എടുക്കുകയും (2009ൽ) സ്ഥലം അക്വയർ ചെയ്യുകയും ചെയ്തു (3.07 ഏക്കർ, അവാർഡ് നമ്പർ 1/2010). 6 പേരിൽ നിന്നായാണ് പ്രസ്തുത സ്ഥലം അക്വയർ ചെയ്തിരുന്നത്. അവാർഡ് തുക വർദ്ധിപ്പിക്കുന്നതിനായി 6 പേരും LAR കേസുകൾ നൽകുകയും (LAR-2/2013, 21/10 മുതൽ 25/10 വരെ) സബ് കോടതി അവാർഡ് തുക വർദ്ധിപ്പിക്കുകയും ചെയ്തു. നാളിതുവരെ വിധികടം ഇനത്തിൽ അടവാക്കിയിരിക്കുന്ന തുക 8,33,65,475/- രൂപ ആണ് (ഓഡിറ്റ് എൻക്വയറി നം.13/5.6.17). ഇത് വിധികട സംഖ്യയുടെ 35% മാത്രമാണ്. 24.08.2009 മുതൽ വായ്പ തിരിച്ചടവ് തുടങ്ങിയെങ്കിലും (12.5% പലിശ നിരക്കിൽ) ഭീമമായ തുക ചെലവഴിച്ച് നഗരസഭ അക്വയർ ചെയ്ത സ്ഥലത്ത് സ്റ്റേഡിയം പണിയുന്നതിനുള്ള നടപടികളൊന്നും ഓഡിറ്റ് കാലയളവ് വരെ സഗരസഭ കൈക്കൊണ്ടിട്ടില്ല. വായ്പ ഇനത്തിൽ 31.03.2017-ൽ അടച്ചു തീർക്കുവാൻ ബാക്കി നിൽക്കുന്ന തുക 48,80,093/- രൂപ ആണ്. ഇതിനു പുറമെ വിധികടമിനത്തിലും വൻ തുക ലയബിലിറ്റി ആയി നിൽക്കുന്നുണ്ട്. വായ്പ തിരിച്ചടവിലും വിധികട സംഖ്യ അടവാക്കുന്നതിലും നഗരസഭ വീഴ്ച വരുത്തിയിട്ടുള്ളതായി ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. ചാലക്കുടിയുടെ ഹൃദയഭാഗത്താണ് സ്റ്റേഡിയത്തിനായി സ്ഥലം അക്വയർ ചെയ്തിട്ടുള്ളത്. അതിനാലാണ് അവാർഡിനായി വൻതുക ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പൊതുപണം ചെലവഴിച്ച് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അവ നഗരസഭക്ക് ബാധ്യതയായി തീരുകയില്ല എന്ന് അധികാരികൾ

ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റേഡിയം പണിയുന്നതിന് ആവശ്യമായ വിഭവ സ്രോതസ്സ് കണ്ടെത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വൻതുക ചെലവഴിച്ച് പോട്ട മിനി മാർക്കറ്റ് സ്ഥലം വാങ്ങൽ നിർമ്മാണം-തുച്ഛമായ വരുമാനം ലഭ്യമാകുന്നു.

ഫയൽ നമ്പർ - R3-75/13

ഫയൽ നമ്പർ - എ1-8505/12

പോട്ടയിൽ സർവ്വേ നമ്പർ 133/14, 134/3, 4ൽ 1.0137 ഹെക്ടർ സ്ഥലം അക്വസിഷൻ മുഖേന ഏറ്റെടുക്കുന്നതിന് നഗരസഭാ കൗൺസിൽ 1 നമ്പർ ആയി 20.4.12, 3.5.12 തീയതികളിൽ തീരുമാനമെടുക്കുകയും അവാർഡ് പാസ്സാക്കുന്നതിന് 2,53,50,000/- രൂപ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) തൃശ്ശൂർ കോർപ്പറേഷൻ അക്കൗണ്ടിൽ കെട്ടിവെക്കുന്നതിന് 4.5.12-ലെ LSG(DB) ഡിപ്പാർട്ട്മെന്റിന്റെ 1274/12 ഉത്തരവ് പ്രകാരം 15% എന്ന ഉയർന്ന പലിശനിരക്കിൽ ചാലക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് വായ്പ എടുത്തു. 15.6.12 മുതൽ തിരിച്ചടവ് ആരംഭിച്ചു. സർക്കാർ പലിശ നിരക്ക് കുറവാക്കിയതിനാൽ പലിശ നിരക്ക് കുറവ് ചെയ്യുവാൻ ബാങ്കിനോട് അഭ്യർത്ഥിച്ചെങ്കിലും കുറവ് ചെയ്തിട്ടില്ല.

അവാർഡ് നമ്പർ 1/2012 ലഭ്യമായ പ്രസ്തുത സ്ഥലത്തിന് അവാർഡ് തുക വർദ്ധിപ്പിക്കുന്നതിന് LAR 34/12 മുതൽ 39/12 വരെയായി 6 കേസുകൾ നഗരസഭക്കെതിരെ പ്രസ്തുത സ്ഥലത്തിന്റെ ഉടമകൾ നൽകുകയും അവാർഡ് തുക സബ് കോടതി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2016-17-ൽ പദ്ധതി നമ്പർ 306/17 ആയി 62,19,237/- രൂപ (വിധികട തുകയുടെ 35%) അടവാക്കിയിട്ടുണ്ട്.

2014 മാർച്ച് 1-ന് നിർമ്മാണ ഉദ്ഘാടനം നടന്ന പ്രസ്തുത മാർക്കറ്റിന്റെ നിർമ്മാണത്തിനായി താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 2013-14 | 298309 |
| 2014-15 | 2172389 |
| 2015-16 | 1500000 |
| 2016-17 | 328657 |
| ആകെ | 42,99,355 |

മേൽ പ്രകാരം വൻ തുക സ്ഥലം, കെട്ടിടം എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 8.6.17-ന് നടത്തിയ ഭൗതിക പരിശോധനയിൽ 18 സ്റ്റാളുകൾ നിർമ്മിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിൽ 2 സ്റ്റാളുകൾ മാത്രമേ പ്രവർത്തിക്കുന്നതായി കണ്ടുള്ളൂ. കച്ചവടം വളരെ കുറവായതിനാൽ വാടകക്ക് എടുത്ത 10 സ്റ്റാളുകളിൽ 8 പേരും കച്ചവടം നടത്തുന്നില്ല എന്നാണ് അറിയുവാൻ സാധിച്ചത്. ഇലക്ട്രിക് കണക്ഷൻ എല്ലാ സ്റ്റാളുകളിലേക്കും ലഭ്യമാക്കിയിട്ടില്ല. റോഡിൽനിന്ന് താഴ്ന്ന പ്രദേശമായതിനാൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായും തുക ചെലവഴിക്കേണ്ടതായി വന്നിട്ടുണ്ട്. 2016ൽ വാടക ലഭ്യമായി തുടങ്ങിയെങ്കിലും 42200/- രൂപ മാത്രമാണ് ഈയിനത്തിൽ (2016-17) ഉള്ളത്. തുച്ഛമായ നിരക്കിലാണ് വാടക ഈടാക്കുന്നത്. വായ്പ തിരിച്ചടവിനായി 2016-17ൽ ചെലവഴിച്ച തുക മുതൽ ഇനത്തിൽ 2575233/- രൂപയും പലിശ ഇനത്തിൽ 2275233 രൂപയുമാണ് (ആകെ 48,50,466/- രൂപ).

അവാർഡ് തുക വർദ്ധിപ്പിച്ച വിധികടമിനത്തിലും (65%) തുക കൊടുത്തു തീർക്കുവാനുണ്ട്. വായ്പ

തിരിച്ചടവിനായി വലിയ തുക നഗരസഭ ചെലവഴിക്കുന്നുണ്ട്. 31.3.17ൽ തിരിച്ചടക്കുവാൻ ബാക്കിനിൽക്കുന്ന വായ്പ്പത്തുക 1,32,08,376/- രൂപയാണ്. ഇത്തരത്തിൽ വൻ തുക സ്ഥലം, കെട്ടിടം എന്നിവക്കായി ചെലവഴിച്ചിട്ടും നഗരസഭക്ക് കാര്യമായ വരുമാനം ഉണ്ടായിട്ടില്ലെന്നത് ഖേദകരമാണ്. പൊതുപണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ വരുമാന വർദ്ധനവിന് ഉതകുന്നതാണെന്ന് ഉറപ്പ് വരുത്തേണ്ടത് അധികാരികളുടെ ബാധ്യതയാണ്. പോട്ട മിനി മാർക്കറ്റിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

## 3-3 <u>ഗാർഹികതല ഉറവിട മാലിന്യ സംസ്കരണം-ശുചിത്വ മിഷൻ പദ്ധതി-പദ്ധതി കാലയളവ് അവസാനിച്ചു. ലക്ഷ്യം നേടിയിട്ടില്ല.</u>

ഫയൽ നമ്പർ – എച്ച്2-4053/12

ശുചിത്വ മിഷൻ ഫണ്ട്, പ്ലാൻ ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്ക് 20.3.12-ൽ കൗൺസിൽ അംഗീകാരം നൽകി (അടങ്കൽ 49,26,500/- രൂപ). ആയതിന് ശുചിത്വ മിഷൻ വിഹിതം 20,47,250/- രൂപ ഡി.ഡി നം. 066355/29.3.12 പ്രകാരം ലഭിച്ചു. 23.3.12-ൽ പദ്ധതിക്ക് ശുചിത്വ മിഷൻ സാങ്കേതികാനുമതി നൽകിയിരുന്നു. so111/12 പദ്ധതി പ്രകാരം 12,50,000/- രൂപ പ്ലാൻ ഫണ്ട് വിഹിതം പ്രസ്തുത പദ്ധതിക്കായി ആരംഭിച്ച ബാങ്ക് ഓഫ് ബറോഡ അക്കൗണ്ടിലേക്ക് മാറ്റി. 30.9.13-ന് പൂർത്തീകരിക്കേണ്ട പദ്ധതിയുടെ ടെണ്ടർ ഉറപ്പിച്ചത് ടെണ്ടർ സംബന്ധിച്ച് ശ്രീ സി.എൽ.ആന്റോ എന്ന വ്യക്തി WPC-9028/2013A നമ്പർ ആയി ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്തു. 19.11.13-ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ 306/സി2/2009 എസ്.എം കത്തിൽ പദ്ധതി അവസാനിപ്പിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞതിനാൽ അനുവദിച്ച തുക പലിശ സഹിതം തിരിച്ചടച്ചാൽ പുതിയ പദ്ധതിക്ക് നിലവിലുള്ള സബ്സിഡി മാനദണ്ഡ പ്രകാരം അനുമതി നൽകാമെന്നും പദ്ധതിക്കായി 31.03.14 വരെ സമയം നൽകാമെന്നും അറിയിച്ചു.

നഗരസഭ സർക്കാരിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 6.5.2014-ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ 65/സി2/2009 എസ്.എം കത്ത് പ്രകാരം പദ്ധതി കാലാവധി 30.9.2014 വരെ ദീർഘിപ്പിച്ചു. പുതുക്കിയ സാങ്കേതികാനുമതി സർക്കാർ ഉത്തരവ് (സാധാ)നം.1322/2014 /LSGD/25.5.2014 പ്രകാരം നൽകുകയും ചെയ്തു. കൗൺസിൽ തീരുമാനം നം.20/9.6.14 പ്രകാരം റീടെണ്ടർ നടത്തുവാൻ തീരുമാനിച്ചു. 16.6.2014-ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ 306/സി2/2009 എസ്.എം കത്ത് പ്രകാരം 1$m^3$ ബയോഗ്യാസ് പ്ലാന്റ് ഒഴിവാക്കി 0.5 $m^3$ പ്ലാന്റ് 465 എണ്ണവും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് 160 എണ്ണവും നിശ്ചയിച്ച് ആകെ അടങ്കൽ തുക 40,20,000/- രൂപയിൽ നിജപ്പെടുത്തി. 31.3.15 വരെ കാലാവധി ദീർഘിപ്പിച്ച് നൽകി.

5.7.14-ന് ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചതിൽ 0.5 $m^3$ പ്ലാന്റിന് കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത (6350/- രൂപ നിരക്കിൽ) നാഷണൽ എനർജി വേസ്റ്റ് മാനേജ്മെന്റ് കോ-ഓപ്പറേറ്റീവ് മൾട്ടി പർപ്പസ് സൊസൈറ്റിയുടെ ടെണ്ടറും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഹൈ ടെക് ബയോ ഫെർട്ടിലൈസേഴ്സ് ഇൻഡ്യ എടപ്പള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടറും അംഗീകരിച്ചു. 8.1.2015-ൽ ശ്രീ സി.എൽ.ആന്റോയുമായി കരാർ ഒപ്പിട്ടു.

<u>പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ</u>

എ) കരാർ ലംഘനത്തിന് നടപടി സ്വീകരിച്ചിട്ടില്ല

ഫയൽപരിശോധിച്ചതിൽ നാളിതുവരെ 83 പേർക്കാണ് ബയോഗ്യാസ് സ്ഥാപിച്ചു നൽകിയിട്ടുള്ളത്. 159 പേർക്കാണ് ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുള്ളത്. 23 പേർ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താല്പര്യമില്ല എന്നറിയിച്ച് ഗുണഭോക്തൃ വിഹിതം തിരികെ വാങ്ങി. അവസാന ബിൽ ടിയാൻ സമർപ്പിച്ചത് 11.2.2016-നാണ്. കരാർ പ്രകാരം 60 ദിവസത്തിനകം പ്ലാന്റുകൾ സ്ഥാപിച്ചു നൽകേണ്ടതായിരുന്നു. 30 എണ്ണം വീതം സ്ഥാപിച്ച് ബിൽ സമർപ്പിക്കാമെന്നായിരുന്നു കരാറിലെ വ്യവസ്ഥ. എന്നാൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ 3 മുതൽ 7 എണ്ണം വരെ സ്ഥാപിച്ച് ബിൽ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. നാളിതുവരെ 16 ബില്ലുകളിലായാണ് ടിയാൻ 83 എണ്ണം സപ്ലൈ ചെയ്തിട്ടുള്ളത്. കരാർ ലംഘനത്തിന് ടിയാന്റെ പേരിൽ യാതൊരു നടപടിയും നഗരസഭ കൈക്കൊണ്ടിട്ടില്ല.

ബി) കരാറിനു വിരുദ്ധമായി തുക ഈടാക്കുവാൻ കരാറുകാരന് അനുവാദം നൽകി

കരാർ പ്രകാരം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് ആണ് സപ്ലൈ ചെയ്യേണ്ടത്. ടെണ്ടർ അംഗീകരിച്ചതിനുശേഷം കരാറുകാരൻ സിവിൽ വർക്കിനും കൺസ്യൂമബിൾസിനും വേറെ തുക നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ പോർട്ടബിൾ പ്ലാന്റ് ആയതിനാൽ സിവിൽ വർക്കിന് തുക നൽകേണ്ടതിന്റെ കാര്യം ഉണ്ടാകുന്നില്ല എന്ന് ടിയാനെ അറിയിച്ചു. അധിക തുക നൽകുന്നത് ടെണ്ടർ വ്യവസ്ഥകൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമാണെന്ന് 23.10.16-ൽ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൗൺസിൽ തീരുമാനം 4/23.12.14 പ്രകാരം സിവിൽ വർക്കിനും, കൺസ്യൂമബിൾസിനും ആയി 600/- രൂപ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുവാൻ കരാറുകാരന് അനുവാദം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

സി) വാറ്റ് കണക്കാക്കാതെയുള്ള തുകക്ക് ഗുണഭോക്തൃവിഹിതം ഈടാക്കി

83 എണ്ണം സ്ഥാപിച്ചതിന്റെ സാമ്പത്തിക വിശകലനം താഴെ ചേർക്കുന്നു.

| | |
|---|---|
| 50% ശുചിത്വ മിഷൻ വിഹിതം | 3175/- |
| 25% പ്ലാൻ ഫണ്ട് വിഹിതം | 1587/- |
| 25% ഗുണഭോക്തൃവിഹിതം | 1588/- |
| ആകെ | 6350/- (വാറ്റ് അടക്കം 6668/- രൂപ) |

| | |
|---|---|
| ശുചിത്വ മിഷൻ വിഹിതം | 3175x83 = 263525 |
| പ്ലാൻ ഫണ്ട് വിഹിതം | 1587x83 = 131721 |
| ഗുണഭോക്തൃ വിഹിതം | 1588 x 83 = 131804 |
| 50% വാറ്റ് പുറമെ | 6668-6350 = 318x83 = 26394 |
| ആകെ | 553444 |

വാറ്റ് കണക്കാക്കാതെയുള്ള തുകക്കാണ് ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുള്ളത്. വാറ്റ്, ബിൽ സമർപ്പിച്ചപ്പോൾ മാത്രമാണ് കണക്കാക്കി നൽകിയത്. വാറ്റ് ഉൾപ്പെടെ 6668/- രൂപക്ക് 25%

ഉണഭോക്തൃവിഹിതം വാങ്ങേണ്ടതായിരുന്നു. അതായത് 1588/- രൂപക്ക് പകരം 6668x25/100= 1667 രൂപ വാങ്ങേണ്ടിയിരുന്നു.

ശുചിത്വ മിഷൻ വിഹിതം 20,47,250/- രൂപ ലഭ്യമായതിൽ 263525/- രൂപ ആണ് നാളിതു വരെയുള്ള ചെലവ്. പ്ലാൻ ഫണ്ട് 2011-12 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നിക്ഷേപിച്ച 12,50,000/- രൂപയിൽ 131721/- രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുക മുത നിക്ഷേപമായി അവശേഷിക്കുകയാണ്.
31.3.15-ൽ അവസാനിക്കേണ്ട പ്രവൃത്തിക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. ചെലവഴിക്കാത്ത തുക പലിശ സഹിതം തിരിച്ചടക്കുവാനാണ് ശുചിത്വ മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ലഭ്യമായ തുക മുഴുവൻ വിനിയോഗിക്കാതിരുന്നതിനാൽ നഗരസഭക്ക് അധിക ബാധ്യത വരുന്നതാണ്. കരാർ ലംഘനത്തിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗിക്കാത്ത ശുചിത്വ മിഷൻ, പ്ലാൻ ഫണ്ട് തുകകൾ ലഭ്യമായ സ്രോതസ്സിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയി നമ്പർ – 8/3.6.17)

## 3-4 മാലിന്യ സംസ്കരണത്തിനായി സ്ഥാപിക്കപ്പെട്ട ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം - അപാകങ്ങൾ

എ) അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റിൽ നിന്നും ഗ്യാസ് കണക്ഷൻ സൗജന്യമായി അനുവദിച്ചു

ഫയൽ നമ്പർ - 2800/15
വൗച്ചർ നമ്പർ - 110/10-16

ചാലക്കുടി മാർക്കറ്റിലെ അറവുശാലയോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള ഗ്യാസ് കെട്ടിടത്തിൽ ഗ്യാസ് ബർണർ സ്ഥാപിച്ച് കത്തിച്ച് ഒഴിവാക്കിയിരുന്നു. പാഴായി പോകുന്ന ഗ്യാസ് പൈപ്പ് ലൈൻ കണക്ഷനിലൂടെ അടുത്തുള്ള വീടുകൾക്ക് നൽകുവാൻ കൗൺസിലിന്റെ 20.2.15-ലെയും 30.5.16-ലെ 14 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. 13.1.2016-ന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രേഖാമൂലം ആവശ്യപ്പെട്ടതു പ്രകാരമാണ് കൗൺസിൽ ഇപ്രകാരം തീരുമാനമെടുത്തത്. ഗ്യാസ് കണക്ഷൻ സൗജന്യമായി നൽകുന്നത് നഗരസഭക്ക് സാമ്പത്തിക ഭാരം ക്ഷണിച്ചുവരുത്തുകയും ഓഡിറ്റ് തടസ്സവാദങ്ങൾക്ക് ഇടവരുത്തുമെന്നും നഗരസഭയുടെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് പ്രതിബന്ധമാകുമെന്നും സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ 8.7.2016-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ.കെ.സോമൻ, സോളാർ എനർജി സെന്റർ, ചാലക്കുടിയുടെ ക്വട്ടേഷൻ അംഗീകരിച്ച് 30.7.16-ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ചെക്ക് നം.736962/28.10.2016 പ്രകാരം 49500/- രൂപ സ്ഥാപനത്തിന് അനുവദിച്ചു.
8.6.2017-ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ അറവുശാലയിൽ ഉള്ള ബയോഗ്യാസ് പ്ലാന്റിൽ നിന്നുള്ള ഗ്യാസ് അടുത്തുള്ള വീട്ടുകാർക്ക് നൽകിയിട്ടുള്ളതായി കാണുകയുണ്ടായി.

ഫയൽ നമ്പർ എച്ച്2-10596/08 പരിശോധിച്ചതിൽ 19,40,000/- രൂപ ചെലവഴിച്ചാണ് പ്രസ്തുത ബയോഗ്യാസ് പ്ലാന്റ് 2009-ൽ അറവുശാലയിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് കാണുന്നു. വൻതുക ചെലവഴിച്ച് സ്ഥാപിക്കുന്ന ആസ്തികൾ ശരിയായി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ്. ഗ്യാസ് കത്തിച്ച് ഒഴിവാക്കുക, സൗജന്യമായി നൽകുക എന്നിവക്കു പകരം ഇലക്ട്രിസിറ്റിക്കായി ഉപയോഗപ്പെടുത്തുക തുടങ്ങിയ സാധ്യതകൾ ആരായേണ്ടതാണ്.

ബി) മാർക്കറ്റിലുള്ള ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല

8.6.17-ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമമല്ല എന്ന് കാണുകയുണ്ടായി. ഇവ പ്രവർത്തനക്ഷമമല്ലാത്തതിനാൽ മാർക്കറ്റിൽ നിന്ന് മാലിന്യം ഒഴിവാക്കുവാൻ സാധിക്കാത്ത നിലയിലാണ്. അടിസ്ഥാന സൗകര്യമില്ലാതെ സ്ഥാപിച്ച കന്നുകാലി ചന്തയും മാർക്കറ്റിൽ അസഹ്യമായ ദുർഗന്ധത്തിന് കാരണമാകുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 ഐ.എച്ച്.എസ്.ഡി.പി പദ്ധതി-കാലാവധി അവസാനിച്ചിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഐ.എച്ച്.എസ്.ഡി.പി പദ്ധതിയുടെ പൂർത്തീകരണ തീയതി (31.03.17) കഴിഞ്ഞതിനാൽ സർക്കാർ നിർദ്ദേശാനുസരണം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (A/c No. 34260100000703 ബാങ്ക് ഓഫ് ബറോഡ) നീക്കിയിരിപ്പുണ്ടായിരുന്ന പലിശ ഇനത്തിലെ 6,77,319/- രൂപ 19.4.17-ൽ തിരിച്ചടച്ചിട്ടുമുണ്ട്. എന്നാൽ പദ്ധതി പ്രകാരം ഭവനനിർമ്മാണ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള 166 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് ബാലൻസ് തുക കൈപ്പറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അമ്മിണി കോരൻ | 1,75,000 |
| 2 | അമ്മാളു രാമൻ | 1,25,000 |
| 3 | നാരായണി ബാലൻ | 1,15,000 |
| 4 | മാധവൻ മാളക്കാരൻ | 1,15,000 |
| 5 | കെ.കെ.ദേവദാസ് | 1,15,000 |
| 6 | പുഷ്പാകരൻ | 1,15,000 |
| 7 | സലിംകുമാർ | 1,65,000 |
| 8 | സുധീർ കുറുപ്പംവീട്ടിൽ | 1,95,000 |

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നതിനനുസരിച്ച് പദ്ധതിവിഹിതം തുക നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണ കാലയളവ് കഴിഞ്ഞതിനാൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഐ.എച്ച്.എസ്.ഡി.പി- ഇൻഫോർമൽ എഡ്യൂക്കേഷൻ സെന്റർ&ട്രെഡീഷണൽ കൾച്ചർ സെന്റർ നിർമ്മാണം-2010-11 ൽ അംഗീകാരം ലഭിച്ചു- നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല - ചെലവ് 12,53,570/- രൂപ

ഫയൽ നമ്പർ – ഇ1-2906/11
എം ബുക്ക് നമ്പർ - 29/15-16

ഐ.എച്ച്.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ 2010-11 സാമ്പത്തിക വർഷം ആരംഭിച്ചു (ഫയൽ നം. ഇ1-2904/11). രണ്ട് കെട്ടിടങ്ങൾ പണിയുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഇൻഫോർമൽ എഡ്യൂക്കേഷൻ സെന്ററിന് 2,52,000/- രൂപയുടേയും ട്രെഡീഷണൽ കൾച്ചർ സെന്റർ നിർമ്മാണത്തിന് 4,75,000/- രൂപയുടേയും എസ്റ്റിമേറ്റ് സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ തയ്യാറാക്കി നൽകിയിരുന്നു. 2.5.2011ൽ ടെണ്ടർ തീയതിയിൽ ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനാൽ റീ ടെണ്ടർ നടത്തുകയും ആരും തന്നെ റീ ടെണ്ടറിലും പങ്കെടുക്കാതിരുന്നതിനാൽ കൗൺസിൽ തീരുമാനപ്രകാരം (16/13.6.2011) എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ഐ.എച്ച്.എസ്.ഡി.പി ഫണ്ട് വകയിരുത്തിയതിന് ഉപരിയായി വരുന്ന തുക തനത് ഫണ്ടിൽനിന്ന് വഹിക്കുവാനും തീരുമാനമെടുത്തു. 14.6.2013-ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനം എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തിക അനുമതിയും നൽകി. ശ്രീ.കെ.കെ.ജെയിംസ് എന്നയാളുടെ സിംഗിൾ ടെണ്ടർ 1/12.8.13-ൽ അംഗീകരിക്കുകയും 1.10.2013-ൽ ടിയാന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. 1.1.2014-ൽ കരാർ വെച്ചു (നമ്പർ 19/13-14). 2014-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്ത് നൽകി. കരാർ പ്രകാരം 31.3.2014-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടിയാന് പിന്നീട് 30.9.15 വരെ കാലാവധി പിഴ ഈടാക്കി നീട്ടി നൽകി. 21.10.14-ൽ സ്ഥലപരിമിതി മൂലം 2 കെട്ടിടങ്ങൾ എന്നതിനു പകരം ഒറ്റ കെട്ടിടം ആക്കി പണിയണമെന്ന് വാർഡ് കൗൺസിലർ ആവശ്യപ്പെടുകയും തുടർന്ന് എസ്റ്റിമേറ്റ് റേറ്റിൽ മാറ്റം വരാതെ ഒറ്റ കെട്ടിടമായി പണിയുന്നതിന് പ്ലാൻ തയ്യാറാക്കുകയും ചെയ്തു. (കൗൺസിൽ തീരുമാനം 56/22.8.15). 25.8.15-ൽ ഫൈനൽ ബിൽ സമർപ്പിച്ചു. ആകെ പ്രവൃത്തി മൂല്യത്തിൽ (12,89,438/-) 7,25,000/- രൂപ ഐ.എച്ച്.എസ്.ഡി.പി പദ്ധതി വിഹിതത്തിൽ നിന്നും (ചെക്ക് നം.000381 മുതൽ 383 വരെ/ 1.12.15) നൽകി. ബാക്കി തുക ചെക്ക് നം. 474840/19.8.16 പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകി.

ഓഡിറ്റ് ടീം 8.6.2017-ൽ നടത്തിയ ഭൗതിക പരിശോധനയിൽ പണി പൂർത്തീകരിക്കാത്ത ഷീറ്റിട്ട തറയും അരഭിത്തിയും നിർമ്മിച്ചിട്ടുള്ള ഒറ്റ ഹാളാണ് കണ്ടത്. വലിയ ഒരു കോമ്പൗണ്ടിലാണ് പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്നത്. സ്ഥലപരിമിതിയുടെ പ്രശ്നം ഉള്ളതായി കണ്ടില്ല. 2 കെട്ടിടങ്ങൾക്കായി തയ്യാറാക്കിയ ആദ്യ പ്ലാനിൽ അടച്ചുറപ്പുള്ള സാനിറ്ററി സൗകര്യത്തോടുകൂടിയ കെട്ടിടങ്ങൾ ആണ് പണിയുവാൻ ലക്ഷ്യമിട്ടിരുന്നത്. ഒറ്റ കെട്ടിടമായി മാറ്റിയപ്പോൾ സാനിറ്ററി സൗകര്യമോ, വാതിലോ ഇല്ലാത്ത ഉപയോഗിക്കാൻ ഇനിയും വൻതുക ചെലവാക്കേണ്ട ഒരു കെട്ടിടത്തിന്റെ രൂപത്തിലാണ് കെട്ടിടം നിലവിൽ ഉള്ളത്.

നിലവിൽ കെട്ടിടം വനിത വ്യവസായ കേന്ദ്രമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2016-17-ൽ പ്ലാൻ ഫണ്ടിൽ നിന്ന് പ്രസ്തുത കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് തുക വകയിരുത്തിയിരുന്നുവെങ്കിലും ചെലവ് നടത്തിയിട്ടില്ല.

വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നത് സമയനഷ്ടം, ധനനഷ്ടം എന്നിവയ്ക്ക് ഇടയാക്കും എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ കെട്ടിടം (ഫോട്ടോ ചേർക്കുന്നു).



പൊതുപണത്തിന്റെ പാഴ് ചെലവിനിടയാക്കുന്ന മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് പദ്ധതി രൂപീകരിക്കാതെ വികസന പ്രവർത്തനങ്ങൾ നടത്തുന്നു-പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

12-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം (സ.ഉ(എം.എസ്)225/12/ത.സ്വ.ഭ.വ/18.8.2015) ഖ.4(3) പ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് എന്തു തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിയന്തിര സ്വഭാവം ഉള്ളത് എന്ന് രേഖപ്പെടുത്തി വികസന പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ച് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) ടാം വേ റീഹാബിലിറ്റേഷൻ സെന്റർ
വൗച്ചർ നമ്പർ – 66/8-16
ചെക്ക് നമ്പർ - 474835/17.8.16 (തുക 5,63,614/-)
ഫയൽ നമ്പർ - ഇ1-16564/15

ചെയർപേഴ്സൺ 22.12.15-ൽ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 19.12.15-ലെ കൗൺസിൽ തീരുമാനം പ്രകാരം നിർമ്മാണാനുമതി നൽകി. 2016-17-ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ സെക്രട്ടറി ഫയലിൽ നോട്ട് എഴുതിയിരുന്നുവെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താതെ നടത്തുകയാണ് ഉണ്ടായത്. നിലവിൽ പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റാന്റ് വികസനത്തിന്റെ പേരിൽ ഒഴിപ്പിച്ച കടക്കാർക്ക് വേണ്ടിയാണ് ടാം വേ റീഹാബിലിറ്റേഷൻ സെന്റർ പണിതത്. ആയതിനാൽ എത്രയും വേഗം പൂർത്തീകരിക്കണമെന്ന ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം തനത് ഫണ്ട് ഉപയോഗിച്ച് പണി തീർത്തെങ്കിലും മുഴുവൻ കടകളും ഉപയോഗിക്കാത്തതായി ഭൗതിക പരിശോധനയിൽ കണ്ടു.

2) നോർത്ത് ബസ് സ്റ്റാൻഡ് ബേസിക് ഡെവലപ്പ്മെന്റ്
ഫയൽ നമ്പർ - ഇ1-2976/15
ചെക്ക് നമ്പർ – 474836/17.8.16 (തുക 3,21,484/-)

ചെയർമാൻ 25.2.15-ൽ മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിച്ചു. ചെയർമാൻ നോട്ട് രേഖപ്പെടുത്തി ഏകദേശം ഒരു വർഷം കഴിഞ്ഞാണ് പണി പൂർത്തീകരിച്ചത്. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാമായിരുന്നിട്ടും അപ്രകാരം ചെയ്തില്ല.
12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഖ7(iii) തനത് ഫണ്ട് വിഭവ സ്രോതസ്സായി ഉൾപ്പെടുത്തുമ്പോൾ അനിവാര്യ, പൊതുചുമതലകൾ, കണ്ടിജന്റ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവക്കായി തുക വകയിരുത്തിയശേഷം മിച്ച ഫണ്ടാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. നഗരസഭയിലെ വിവിധ ഫയലുകൾ പരിശോധിച്ചതിൽ കറന്റ് ചാർജ് പോലെ അടിയന്തിരമായി അടവാക്കേണ്ട തുകകൾ പോലും അടവാക്കുവാൻ പണം ഇല്ലാത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തികൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-8 അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യുവാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ - ആർ1-4987/09

അഡ്ജസ്റ്റ്മെന്റ് വൗച്ചർ നമ്പർ – 1/6-16

ചാലക്കുടി നഗരസഭയിൽ വച്ച് നടന്ന സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിന്റെ ചെലവിലേക്കായി ശ്രീ.കെ.വി.രഘു, റവന്യൂ ഇൻസ്പെക്ടറുടെ പേരിൽ അഡ്വാൻസ് നൽകിയ 25,000/- രൂപയുടെ (4/9-19/10.9.09 പ്രകാരം) ചെലവിന്റെ അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ ഹാജരാക്കി ക്രമീകരിച്ചത് 1.6.16-ൽ ആണ്. ചെലവഴിക്കാത്ത 1425/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ജി.ഒ(പി)419/2011 /ഫിൻ/4.10.2011 ഉത്തരവ് പ്രകാരം നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചുപിടിക്കണം. ഇങ്ങനെ തിരിച്ചുപിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. മുൻകൂർ ക്രമീകരിക്കുവാൻ 6 വർഷവും 3 മാസവും എടുത്തിട്ടുണ്ട്. മുൻകൂർ ക്രമീകരിക്കുന്നതിൽ കാലതാമസം ഉണ്ടായതിനും 3 മാസത്തിനുശേഷം ബന്ധപ്പെട്ടവരിൽനിന്നും തുക തിരിച്ച് പിടിക്കാതിരുന്നതിനും മതിയായ വിശദീകരണം നൽകേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ ലംഘനമായി ഇതിനെ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം.15/6.6.17).
അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ ബിൽ നം.4/10.9.09 പ്രകാരം കോംപ്ലിമെന്റ് ആയി 50 ബാഗുകൾ വാങ്ങിയതിന് (ലിയോ ബാഗ്സ്, കൊരട്ടി) 11,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവ ആർക്കൊക്കെ നൽകി എന്നത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. നഗരസഭ ഫണ്ടിൽ നിന്ന് കോംപ്ലിമെന്റ് ആയി ബാഗുകൾ നൽകുന്നത് ശരിയായ നടപടി അല്ല. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-9 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷത്തെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി നല്കിയിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | തീയതി | കൈപ്പറ്റിയ | വിഷയം | വൗച്ചർ | തുക |
|---|---|---|---|---|---|

| നം. | | ഉദ്യോഗസ്ഥന്റെ പേര് | | നമ്പർ | |
|---|---|---|---|---|---|
| 1 | 19.4.16 | ജയശ്രീ | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് | 92-4/16 | 58217 |
| 2 | 26.5.16 | കെ.എം.ഹരി | റിപ്പയറിംഗ് മാർക്കറ്റ് | 82-5/16 | 10000 |
| 3 | 26.5.16 | ടി.ചന്ദ്രൻ | മരം മുറിക്കുന്നതിനുള്ള ചാർജ് | 87-5/16 | 21000 |
| 4 | 17.6.16 | ബി.എസ് റോബർട്ട് രാജ് | മോട്ടോർ വാങ്ങുന്നതിന് | 89-6/16 | 10000 |
| 5 | 21.6.16 | കെ.നന്ദകുമാർ | ചെയർപേഴ്സന്റെ ക്യാബിൻ പാർട്ടീഷൻ | 91-6/16 | 10000 |
| 6 | 7.7.16 | കമലാക്ഷി | കള പറിക്കുന്നതിന് | 32-7/16 | 2500 |
| 7 | 5.10.16 | ബി.എസ്. റോബർട്ട് രാജ് | മരം മുറിക്കുന്നതിനുള്ള ചാർജ് | 103-10/16 | 12000 |
| 8 | 27.10.16 | ബി.എസ്. റോബർട്ട് രാജ് | ആധാർ/ബി.പി.എൽ റേഷൻ കാർഡ് എൻറോൾമെന്റ് | 109-10/16 | 100000 |
| 9 | 17.11.16 | ബി.എസ്. റോബർട്ട് രാജ് | കേരളോത്സവം | 101-11/16 | 15000 |
| 10 | 20.1.17 | ബി.എസ്. റോബർട്ട് രാജ് | ഗവ.എക്സിബിഷൻ സ്റ്റാൾ | - | 20000 |
| 11 | 31.12.16 | ജയൻ.എം. | ഗവ.കലണ്ടർ വാങ്ങുന്നതിന് | - | 2000 |
| 12 | 17.2.17 | സനൽ | ഓഡോമീറ്റർ വാങ്ങുന്നതിന് | 108-2/17 | 10000 |
| 13 | 30.1.17 | നന്ദകുമാർ | താലൂക്ക് ഹോസ്പിറ്റൽ – സെപ്റ്റിക് ടാങ്ക് വർക്ക് | 157/3/17 | 100000 |
| | | ആകെ | | | 370717 |

മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ക്രമീകരണ വൗച്ചറുകൾ സഹിതം മറുപടി ലഭ്യാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/07.06.17) മറുപടി ഹാജരാക്കിയില്ല. ജി.ഒ(പി)419/2011 ധനം 4.10.11, കെ.എഫ്.സി അനുച്ഛേദം 99 എന്നിവ പ്രകാരം 3 മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കേണ്ടതാണ്. നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 12% പലിശ സഹിതം നഗരസഭാ ഫണ്ടിൽ ഇടാക്കേണ്ടതാണ്. അതുവരെ 370717/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്-നിലവിലില്ലാത്ത

## ഇനങ്ങൾക്ക് കറന്റ് ചാർജ് ഈടാക്കുന്നു.

ഫയൽ നമ്പർ – ഇ1-5944/15

2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭ 5,66,350/- രൂപയാണ് തെരുവ് വിളക്കുകളുടെ ചാർജ് ഇനത്തിൽ അടവാക്കി വരുന്നത്. സീനിയർ സൂപ്രണ്ട്, ഇലക്ട്രിക്കൽ സെക്ഷൻ, ചാലക്കുടി നൽകിയ കത്ത് പ്രകാരം താഴെ കൊടുത്തിരിക്കുന്ന ഇനം വിളക്കുകൾക്കാണ് നഗരസഭ വൈദ്യുതി ചാർജ് അടവാക്കിവരുന്നത്.

| ക്രമ നം. | ഇനം | എണ്ണം | വാട്ട് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഫ്ളൂറസെന്റ് ട്യൂബ് | 3517 | 2x40 | 124 | 436108 |
| 2 | സോഡിയം വേപ്പർ ലാമ്പ് | 258 | 250 | 414 | 106812 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 90 | 150 | 247 | 22230 |
| 4 | എൽ.ഇ.ഡി. ലാമ്പ് | 100 | 18 | 12 | 1200 |
| | ആകെ | | | | 566350 |

എന്നാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി എ.എം.സി നൽകിയത് സംബന്ധിച്ച ഫയൽ (നമ്പർ ഇ1-5944/15) പരിശോധിച്ചതിൽ ഫ്ലൂറസെന്റ് ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ. ലാമ്പ് എന്നീ ഇനങ്ങൾക്കാണ് തുക നൽകി വരുന്നത്. ഇത് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ്. സി.എഫ്.എൽ ലാമ്പുകളുടെ അറ്റകുറ്റപ്പണിക്ക് തുക നൽകുന്നതിൽനിന്നും നഗരസഭക്ക് കറന്റ് ചാർജ് ഇനത്തിൽ വൻതുക നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഈ വിഷയത്തിൽ നഗരസഭ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 കരാർ പ്രകാരം വാടകക്ക് നൽകിയിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ വെള്ളക്കരം തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നു

വിട്ടുകിട്ടിയ/കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ് അടച്ചതിൽ ഉൾപ്പെടുത്തി കുടുംബശ്രീക്ക് വാടകയ്ക്ക് നൽകിയിട്ടുള്ള വനിതാ ഹോസ്റ്റലിന്റെ വെള്ളക്കരമായി 28,506/- രൂപ ( വൗച്ചർ നം.83-7/16 24130, 13.7.16, വൗച്ചർ നം.56-8/16, 10.8.16, വൗച്ചർ നം.171-3/17 3824, 31.3.17) കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ വാടകയും ഹോസ്റ്റലിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വെള്ളക്കരം ഒടുക്കേണ്ടത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭക്ക് സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കിക്കൊണ്ട് വെള്ളക്കരം ഇനത്തിൽ അടച്ച തുക കുടുംബശ്രീയിൽ നിന്നും ഈടാക്കി

വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഇഎംഎസ് വായ്പാ പദ്ധതി അപാകങ്ങൾ

1.ബാങ്ക് ബാലൻസ് തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷികകണക്ക പ്രകാരം ഇ.എം.എസ് വായ്പാ പദ്ധതി അക്കൗണ്ടിൽ ബാലൻസ് ഇല്ല. എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ 4530-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 16,03,349/- രൂപ ഉണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഉള്ള അക്കൗണ്ട് വാർഷിക കണക്കിൽ നിന്ന് ഒഴിവാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. ഇ.എം.എസ് വായ്പാ പദ്ധതി – 2010-11 ൽ ആരംഭിച്ചു. നാളിതുവരെ പൂർത്തീകരിച്ചില്ല.

ഫയൽ നമ്പർ – 10950/10

2010-11 സാമ്പത്തിക വർഷം പദ്ധതി നമ്പർ-0090/11 പ്രകാരം ഇ.എം.എസ്. വായ്പാ പദ്ധതി ആരംഭിച്ചു. ചാലക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 3,65,40000/- രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയും അക്കൗണ്ട് നമ്പർ 4530 ആയി ബാങ്കിൽ വായ്പാ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ 1500000/- രൂപ വായ്പ എടുക്കുകയും 2014-15-ൽ വായ്പാ തിരിച്ചടവ് പൂർത്തീകരിക്കുകയും ചെയ്തു. ഇ.എം.എസ്. പദ്ധതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നമ്പർ-26) പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരായി 9 ഗുണഭോക്താക്കൾ ഉള്ളതായി അറിയിച്ചു. എന്നാൽ 8 പേരുടെ വിശദാംശം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയതു പ്രകാരം ആകെ 282200/- രൂപ മാത്രമേ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നൽകേണ്ടതായിട്ടുള്ളൂ. എന്നാൽ അക്കൗണ്ടിൽ ബാലൻസ് 1603349/- രൂപ നിലവിൽ ബാലൻസ് ഉണ്ട്. പ്ളാൻ ഫണ്ട് പിൻവലിച്ച് ഇട്ടതാണെന്നാണ് സെക്ഷനിൽ നിന്നും ലഭിച്ച വിശദീകരണം. എന്നാൽ ഫയലിൽ ഏത് പദ്ധതി പ്രകാരം എത്ര തുക എന്നീ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക | നൽകിയ തുക | നൽകുവാനുള്ള തുക |
|---|---|---|---|---|
| 1 | റോസി | 100000 (വീട്) | 22800 | 77200 |
| 2 | പാർവ്വതി കുട്ടപ്പൻ | 100000 (വീട്) | 67500 | 32500 |
| 3 | സന്തോഷ് കുമാർ | 190000/- (വീട് &ഭൂമി) | 187500 | 2500 |
| 4 | സെബാസ്റ്റ്യൻ | 190000/- (വീട് &ഭൂമി) | 187500 | 2500 |
| 5 | സെൽവ രാജൻ | 190000/- (വീട് &ഭൂമി) | 137500 | 47500 |
| 6 | ആന്റു | 190000/- (വീട് &ഭൂമി) | 182500 | 7500 |
| 7 | മേരി കിടങ്ങൻ | 190000/- (വീട് &ഭൂമി) | 142500 | 52500 |

| | | | | |
|---|---|---|---|---|
| 8 | വിനോദ് | 190000/- (വീട് &ഭൂമി) | 130000 | 60000 |
| | | | ആകെ | 282200/- |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ബാലൻസ് തുക (പ്ളാൻ ഫണ്ട്) തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-13 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

സ.ഉ (എം.എസ്) നം. 225/12/ത.സ്വ.ഭ.വ/18.8.12 പ്രകാരം പുറത്തിറക്കിയ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (2016-17)യിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, പ്രവർത്തനം, ചുമതലകൾ എന്നിവ ഖണ്ഡിക 11.2 മുതൽ വിശദമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയ മേഖലകൾക്ക് ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനവും രൂപീകരിക്കേണ്ടതാണ്. 7 മുതൽ 17 അംഗങ്ങൾ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ആകാവുന്നതാണ്. ക്വാറം ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ചെയർപേഴ്സൺ (ജനറൽ പ്രതിനിധി), കൺവീനർ എന്നിവരുടെ ഹാജർ നിർബന്ധമാണ്. കൺവീനർ ബന്ധപ്പെട്ട മേഖലയിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും സീനിയർ ആയ ഉദ്യോഗസ്ഥനായിരിക്കണം. ഓരോ വർക്കിംഗ് ഗ്രൂപ്പും ഹാജർ, മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനായി ഓരോ രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽപ്പറഞ്ഞവ കൃത്യമായി രജിസ്റ്ററിൽ കൺവീനർ രേഖപ്പെടുത്തേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതും അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്ത് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതാണ്.

ചാലക്കുടി നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഭൂരിഭാഗം രജിസ്റ്ററുകളിലും മിനിറ്റ്സ് ക്ലോസ് ചെയ്ത് ഒപ്പ് വച്ചിട്ടില്ല.
2. എസ്.സി.പി/ടി.എസ്.പി ഫണ്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വിഷയങ്ങളിൽ ബന്ധപ്പെട്ട കാര്യത്തിനായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം അവലോകനം നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു അവലോകനം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

3. നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിങ്ങ് ഒരു ഘട്ടത്തിലും വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന രീതിയിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 ആസ്തി രജിസ്റ്റർ കാലികമല്ല

18.7.13 ലെ ജി.ഒ (എം.എസ്) 255/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കേണ്ടതാണ്. രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ ആർജ്ജിച്ച ആസ്തികൾ, നടത്തിയ അറ്റകുറ്റപ്പണികളുടെ തുക, കൂട്ടിച്ചേർക്കലുകൾ, കുറവ് വരുത്തലുകൾ, തേയ്മാന വിവരങ്ങൾ (നഗരസഭയിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും) എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
ആവശ്യമായ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 വാഹനങ്ങളുടെ പരിപാലനം-അപാകതകൾ

നഗരസഭക്ക് 7 വാഹനങ്ങളാണ് ഉള്ളത്. കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000 റൂൾ 4 അപ്പൻഡിക്സ് 1 പ്രകാരമുള്ള ലോഗ് ബുക്ക് ആണ് നഗരസഭയിൽ പരിപാലിക്കേണ്ടത്. എന്നാൽ പ്രസ്തുത ഫോറത്തിൽ ഉള്ള ലോഗ് ബുക്ക് അല്ല നഗരസഭയിൽ പരിപാലിക്കുന്നത്. ഇന്ധനം നിറക്കുന്നതിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല (ബന്ധപ്പെട്ട ഫയലിൽ മാത്രമാണ് ഇന്ധനം നിറക്കുന്നതിന്റെ വിവരം ഉള്ളത്). ചട്ടം 8 പ്രകാരം 6 മാസത്തിലൊരിക്കൽ ഇന്ധനക്ഷമത മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തി ലോഗ് ബുക്കിൽ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. ചട്ടങ്ങൾ പ്രകാരം ലോഗ് ബുക്ക് പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-രേഖകൾ പൂർണ്ണമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ആയി ബിൽ നമ്പർ 2-16/17 തീയതി.15.3.2017 പ്രകാരം 5,10,000/- രൂപ പിൻവലിച്ചിട്ടുണ്ട്. 17 പേർക്ക് 30000/- രൂപ നിരക്കിൽ ആണ് തുക നൽകിയിരിക്കുന്നത്. 11 പേരുടെ (ആകെ 48,50,466/-) അപേക്ഷ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. അപേക്ഷകരിൽ 4 പേരുടെ മാത്രമേ വിവാഹ സർട്ടിഫിക്കറ്റ് ഉള്ളൂ. 17 പേരും തുക കൈപ്പറ്റിയതിന്റെ യാതൊരു രേഖയും ഫയലിൽ ഇല്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | മേരി പത്രോസ്, തെറ്റയിൽ വീട് | വിവാഹ സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീത് |
| 2 | അല്ലി രാഘവൻ | “ |
| 3 | ബദറുന്നീസ മേലേപറമ്പിൽ | “ |
| 4 | രമണി പുഷൻ, ചൂണ്ടപ്പുരക്കൽ | “ |
| 5 | എൽസി, ജെയിംസ് പെരേര, പാലക്കപ്പറമ്പിൽ | കൈപ്പറ്റ് രശീത് |

| | | |
|---|---|---|
| 6 | ശോഭി സുഗതൻ, പറമ്പിക്കാട്ടിൽ | വിവാഹ സർട്ടിഫിക്കറ്റ്, കൈപ്പറ്റ് രശീത് |
| 7 | സന്തോഷി ആനന്ദൻ, മനപ്പുള്ളി | " |
| 8 | ഓമന സുബ്രഹ്മണ്യൻ, വടക്കൂട്ട് | " |
| 9 | ആനി ആന്റണി, പാറേക്കാടൻ | " |
| 10 | സയ്യാബി സഹീർ, കളപ്പുരക്കൽ | കൈപ്പറ്റ് രശീത് |
| 11 | ബീന ദേവസ്സി, മാളിയേക്കൽ | അപേക്ഷയും അനുബന്ധ രേഖകളും |
| 12 | ബീന ജോസ്, പേട്ട | " |
| 13 | അജിത, പേരൂർക്കുഴി | " |
| 14 | അനിത റോയ്, പെരേപ്പാടൻ | " |
| 15 | മേരി ലൂവീസ്, തുരുത്തേൽ | " |
| 16 | ട്രീസ ജോസ്, മാളിയേക്കൽ | " |
| 17 | ആനന്ദവല്ലി, ഇരുമ്പനത്ത് | കൈപ്പറ്റ് രശീത് |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 5,10,000/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ – 29/9.6.17)

## 3-17 ആശ്രയ രണ്ടാം ഘട്ടം - ലക്ഷ്യം നേടിയില്ല

ചാലക്കുടി നഗരസഭയിൽ ആശ്രയ രണ്ടാം ഘട്ടത്തിന് 2014-15 മുതൽ 2016-17 വരെയുള്ള 3 വർഷ കാലയളവിലേക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട പുരോഗതി സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി (എൻക്വയറി നം.14/5.6.17) 2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ ആശ്രയ ഒന്നാംഘട്ട ഗുണഭോക്താക്കളിൽ ആനുകൂല്യം ലഭ്യമാകാതിരുന്നവരെ കൂടി ഉൾപ്പെടുത്തിയാണ് രണ്ടാം ഘട്ടം നടപ്പിലാക്കിയതെന്ന് അറിയിച്ചു. ആയതുപ്രകാരം അടിസ്ഥാന സൗകര്യ മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കിയ സേവന വിവരം എന്നിവ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി 14/5.6.17 ന് ലഭ്യമായ മറുപടി പ്രകാരം)

| ക്രമ നം. | ഇനം | തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഭൂമി | 169 | - |
| 2 | വീട് | 110 | 17 |
| 3 | കുടിവെള്ളം | 10 | 10 |
| 4 | ഭവനം അറ്റകുറ്റപ്പണി | 17 | - |
| 5 | ടോയ്‌ലറ്റ് | 110 | 17 |

പദ്ധതി പ്രകാരം ആവശ്യമായ തുക വകയിരുത്തിയിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് ഓരോ വർഷവും വകയിരുത്താതിരുന്നതു മൂലമാണ് പദ്ധതി ലക്ഷ്യപ്രാപ്തി നേടാതെ പോയത്. അടിസ്ഥാന ആവശ്യങ്ങൾക്ക് വകയിരുത്തിയ പ്ലാൻ ഫണ്ട് ലഭ്യമാക്കാതിരുന്നതിനാൽ തുച്ഛമായ പുരോഗതിയാണ് ഉണ്ടായത്. പദ്ധതി കാലയളവിൽ ലഭ്യമാക്കിയ പ്ലാൻ ഫണ്ട് ആകെ 6,02,542/- രൂപ മാത്രമാണ്. 12-ാം പദ്ധതി മാർഗ്ഗരേഖയിൽ അടിസ്ഥാന സൗകര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പദ്ധതികളിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശം പാലിക്കാതിരുന്നതും പദ്ധതിയുടെ ഫലപ്രാപ്തിയെ ബാധിച്ചു. സമൂഹത്തിലെ ഏറ്റവും അവശരായ ആശ്രയ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പദ്ധതി ലക്ഷ്യപ്രാപ്തി നേടാത്തതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ആയുർവേദം
പദ്ധതി നമ്പർ - 120/17
അടങ്കൽ - 600000/-
ഡി.ഡി നമ്പർ - 896524/31.12.2017 (543950/-)
ബിൽ നമ്പർ - 4/16-17 തീയതി.21.3.17 തുക –5050/-
ആകെ - 549000/-

ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായാണ് തുക പിൻവലിച്ചത്. 3.1.2017-ൽ ഔഷധിയുമായി വച്ച കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം 348149/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായി കാണുന്നുള്ളൂ. (ഓഡിറ്റ് എൻക്വയറി നം.6/2.6.17)

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 3251/ 17.1.17 | 260246 |
| 5052/ 31.3.2017 | 82852 |
| 1684/ തീയതി ഇല്ല | 5051 |
| ആകെ | 348149 |

549000/- രൂപ നൽകിയതിൽ 348149/- രൂപക്കുള്ള മരുന്നുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് കരാറിന് വിരുദ്ധമാണ്. കരാർ കാലാവധിക്കുള്ളിൽ മരുന്ന് ലഭ്യമാക്കാതിരുന്നതിനു ഔഷധിക്ക് കത്ത് നൽകി എത്രയും വേഗം ബാക്കി തുകക്കുള്ള മരുന്നുകൾ (549000-348149=200851 രൂപ) ലഭ്യമാക്കേണ്ടതാണ്.

## 3-19 കമ്പ്യൂട്ടർ,പ്രിന്റർ,യുപിഎസ് വാങ്ങൽ–അധികം തുക നൽകി, കൈപ്പറ്റ് രശീത് ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ഈസ്റ്റ് എൽ.പി സ്കൂൾ, ചാലക്കുടി

ബിൽ നമ്പർ - 1/16-17 തീയതി.18.3.2017 – തുക 50000/-

പദ്ധതി നമ്പർ - 310/17

പി.സി. ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം നൽകിയ ക്വട്ടേഷനിൽ കമ്പ്യൂട്ടറിനു മാത്രം 33800/- രൂപ ആണ് ക്വാട്ട് ചെയ്തിരുന്നത്. ഇതിൽ ഡിവിഡി റൈറ്റർ ഉൾപ്പെട്ടിരുന്നു. ക്വട്ടേഷൻ തുക ആകെ 48750/- രൂപ ആയിരുന്നു. എന്നാൽ ബിൽ സമർപ്പിച്ചപ്പോൾ ഡിവിഡി റൈറ്ററിന് പ്രത്യേകം ബിൽ നൽകി 1250/- രൂപ അധികം കൈപ്പറ്റിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 16/7.6.17). പി.സി.ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ അസ്സൽ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 48,750/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 ഫർണ്ണീച്ചർ വിതരണം നടത്തിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

ചാലക്കുടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചാലക്കുടി നഗരസഭയിൽ നടപ്പിലാക്കിയ 'പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ'എന്ന പദ്ധതിയിൽ വിതരണം നടത്തുന്നതിനായി 42 എണ്ണം വീതം സ്റ്റീൽ മേശ, സ്റ്റീൽ കസേര എന്നിവയുടെ വിലയായി 1,68,000/- രൂപ SIDCO, Ollur-ന് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നം.15/16-17 തീയതി.30.3.2017).

ചാലക്കുടി നഗരസഭാതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ സ്കൂളുകളിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്ന ഈ പദ്ധതിക്ക് 30.7.16-ലെ 1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളിൽ വന്ന കാലതാമസത്തെതുടർന്ന് പത്താം ക്ലാസിലെ പരീക്ഷാഫലം വന്നതിനുശേഷവും വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുവാൻ സാധിച്ചിട്ടില്ലയെന്നത് പദ്ധതികളുടെ നിർവ്വഹണം ഫലപ്രാപ്തിയിലെത്തുന്നില്ല എന്നതിന് ഉത്തമോദാഹരണമാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1) SIDCO യിൽ നിന്നും രശീതി ലഭിച്ചിട്ടില്ല.
2) DPC അംഗീകാരം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
3) SIDCO യുമായി എന്തെങ്കിലും കരാർ ഒപ്പിട്ടതായി കാണുന്നില്ല.
4) ഫർണ്ണീച്ചറുകൾ എന്ന് ലഭ്യമാക്കുമെന്ന വിവരം ലഭ്യമല്ല.

ഫർണ്ണീച്ചറുകൾ വിദ്യാർത്ഥികൾക്ക് വിതരണം നടത്തുന്നതുവരെ ചെലവ് തുക 1,68,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-21 ഗുണഭോക്തൃവിഹിതം ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല

ജി.ഒ (പി)നം.177/2006/ധനം തീയതി 12.04.06 ഖണ്ഡിക നമ്പർ 26.4 പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ രശീതി മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കേരകൃഷിവികസനം' എന്ന പദ്ധതിയിൽ തെങ്ങിൻതൈകൾ ഗുണഭോക്താക്കൾക്ക് നൽകിയതിന് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് മേൽ നിർദ്ദേശത്തിന് വിരുദ്ധമായി രശീതി നൽകാതെയാണ്. പിരിച്ചെടുത്ത തുക ക്യാഷ് ബുക്കിലും രേഖപ്പെടുത്താതെ കൃഷി ഫാമിലേക്ക് നേരിട്ട് അടവാക്കുകയാണ് ചെയ്തിരിക്കുന്നത്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26) മറുപടി നൽകിയിട്ടില്ല.

## 3-22 സേവാഗ്രാം പദ്ധതി

ട്രഷറി ബിൽ നമ്പർ - 182/16-17 തീയതി 25.3.2017 തുക 31,983/-

ചാലക്കുടി നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'സേവാഗ്രാം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കെട്ടിടവാടക നൽകിയ ഇനത്തിലും ഫെസിലിറ്റേറ്റർക്ക് പ്രതിഫലം നൽകിയ ഇനത്തിലും കൂടി 31,983/- രൂപ ചെലവ് വന്നിട്ടുണ്ട്. 06.02.2015-ലെ 55247/ഐഎ.1 /14/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം വാർഡ് തലത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി കുടുംബശ്രീ അംഗത്വമുള്ള യോഗ്യരായ ഒരു വ്യക്തിയെ നിയോഗിക്കാവുന്നതാണ്. പ്രസ്തുത സർക്കുലറിൽ തന്നെ പ്രസ്തുത വ്യക്തിയുടെ ചുമതലകളും വ്യക്തമായി കൊടുത്തിട്ടുണ്ട്. ഗ്രാമകേന്ദ്രങ്ങളുടെ പൊതുവായ പ്രവർത്തനവും ഗ്രാമകേന്ദ്രം ഫെസിലിറ്റേറ്ററുടെ നിയന്ത്രണവും സെക്രട്ടറിക്കായതിനാൽ ഫെസിലിറ്റേറ്ററിന് പ്രതിഫലം നൽകുമ്പോൾ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കാണ്. ചുമതലകൾ കൃത്യമായി നിർവ്വഹിച്ചുവെന്ന് സെക്രട്ടറി ഉറപ്പാക്കിയിട്ടുണ്ടോ? ചുമതലകൾ നിർവ്വഹിച്ചുവെന്ന് തെളിയിക്കുന്ന എന്തെങ്കിലും രേഖകൾ ഉണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25) മറുപടി നൽകാത്ത സാഹചര്യത്തിൽ സേവാഗ്രാം പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച 31,983/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-23 പ്രൊജക്റ്റിൽനിന്നും ശമ്പളമിനത്തിൽ തുക ചെലവഴിച്ചത്-സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം-തുക തടസ്സപ്പെടുത്തുന്നു

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലുൾപ്പെട്ട 2016-17 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ {സ.ഉ(എം.എസ്) നം.4/2016/ത.സ്വ.ഭ.വ തീയതി 11.01.2016} അനുബന്ധം 15 ഖണ്ഡിക 7.2 പ്രകാരം, പ്രൊജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ലയെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗവ. ഗേൾസ് സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 'ഗവ. ഗേൾസ് സ്കൂളിലെ സമഗ്ര വിദ്യാഭ്യാസപരിപാടി' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിട്ടുള്ള ട്രഷറി ബിൽ പ്രകാരം GGHS ചാലക്കുടിയിലെ സ്കൂൾ ബസ്സിന്റെ ഡ്രൈവർക്കുള്ള വേതനം ഇനത്തിൽ 86,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നമ്പർ | തുക |
|---|---|

| | |
|---|---|
| 1/16-17 തീയതി 27.10.16 (ജൂൺ, ജൂലായ്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ) | 42,000 |
| 3/16-17 തീയതി 22.2.17 (ഒക്ടോബർ, നവംബർ മാസങ്ങളിലെ) | 22,000 |
| 4/16-17 തീയതി 16.3.17 (ഡിസംബർ, ജനുവരി മാസങ്ങളിലെ) | 22,000 |
| ആകെ | 86,000 |

പ്രൊജക്റ്റിൽ 86,000/- രൂപ ഡ്രൈവർക്കുള്ള ശമ്പളമിനത്തിൽ ചെലവഴിച്ചത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായതിനാലും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ -7/03.06.17) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലും ചെലവ് തുക 86,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 സമഗ്ര വിദ്യാഭ്യാസ പരിപാടി,ഗവ.ഗേൾസ് സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം എന്നീ പദ്ധതികളിലെ നടത്തിപ്പിലെ അപാകതകൾ

1. സമഗ്ര വിദ്യാഭ്യാസ പരിപാടി (so147/17)

നിർവ്വഹണ ഉദ്യോഗസ്ഥ - എച്ച്.എം, ജി.ജി.എച്ച്.എസ്, ചാലക്കുടി

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 1/16-17 തീയതി 27.10.16 | 1,50,000 |
| 2/16-17 തീയതി 20.12.16 | 76,500 |
| 3/16-17 തീയതി 22.02.17 | 90,000 |
| 4/16-17 തീയതി 16.3.17 | 98,000 |
| 5/16-17 തീയതി 23.03.17 | 85,500 |
| ആകെ | 5,00,000 |

1) പ്രൊജക്റ്റ് പ്രകാരം വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞിവിതരണം പരിപോഷിപ്പിക്കുന്നതിനും സാമ്പാർ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിനുള്ള സ്കൂൾ ബസ്സിന്റെ ഇന്ധനം, മെയിന്റനൻസ്, ദൈനംദിന ചെലവുകൾ എന്നിവക്കും വിദ്യാർത്ഥികളുടെ പഠന സൗകരങ്ങൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, ഫർണ്ണീച്ചർ ലാബ്, പഠനോപകരണങ്ങൾ, സ്പോർട്സ് കളിയുപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമാണ് അടങ്കൽ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സ്കൂൾ ബസിന്റെ ഇന്ധനം, മെയിന്റനൻസ്, ദൈനംദിന ചെലവുകൾ എന്നിവക്കും, കമ്പ്യൂട്ടർ വാങ്ങുന്നതിനും മാത്രമാണ് പദ്ധതി തുക ഉപയോഗിച്ചിരിക്കുന്നത്. മൊത്തം ചെലവഴിച്ച 5 ലക്ഷം രൂപയിൽ 3,69,700/- രൂപയും (74%) സ്കൂൾ ബസുമായി ബന്ധപ്പെട്ട ചെലവുകളാണ്.

2) വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിന് സ്കൂളിൽ നിലവിലുള്ള രണ്ട് ബസുകളിൽ ഡ്രൈവർമാരെ നിയമിച്ചതുമായി ബന്ധപ്പെട്ട ഉത്തരവ് ഹാജരാക്കിയതിൽ (C/3/15 തീയതി 01.06.15, C/8/16

തീയതി 31.10.16) ഡ്രൈവർമാരുടെ ശമ്പളം, നിയമനരീതി, കാലയളവ് മറ്റ് സേവനവ്യവസ്ഥകൾ എന്നിവ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല.
3) വാഹനത്തിന്റെ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ഇന്ധനം വാങ്ങൽ, വാഹനത്തിന്റെ റിപ്പയർ എന്നിവ എവിടെയും രേഖപ്പെടുത്തുന്നില്ല.
4) പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

2. ഗവ.ഗേൾസ് സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം (so311/17)

ട്രഷറി ബിൽ നമ്പർ - 6/16-17 തീയതി.23.03.17 തുക –1,37,091/-
1) ചാലക്കുടി ഗവ.ഗേൾസ് സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിനാവശ്യമായ ഫർണ്ണീച്ചറുകൾ, ലാപ്ടോപ്പ്, LED ടെലിവിഷൻ എന്നിവ വാങ്ങിയതിൽ 08.10.2010-ലെ സ.ഉ(പി)നം.259/2010 /ത.സ്വ.ഭ.വ (പ്രൊക്യൂർമെന്റ് മാന്വൽ) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. മേൽ സർക്കാർ ഉത്തരവനുസരിച്ച് 50,000 മുതൽ 1 ലക്ഷം വരെയുള്ള വാങ്ങലുകളിൽ ഏറ്റവും കുറഞ്ഞത് 5 ടെണ്ടറുകൾ ലഭിച്ചിരിക്കണം. കരാറുകാരുടെയും സോഷ്യൽ ഓഡിറ്റ് അംഗത്തിന്റെയും സാന്നിധ്യത്തിലായിരിക്കണം ടെണ്ടർ നടപടിക്രമങ്ങൾ. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നില്ല.
2) ലാപ്ടോപ്പ് ഒഴികെ മറ്റ് സാമഗ്രികൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല. സ്റ്റോക്കിലെടുത്ത ലാപ്ടോപ്പുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ പേര്, ബിൽ നമ്പർ, വില മുതലായ വിവരങ്ങളൊന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3) പ്രൊജക്ട് പ്രകാരം പബ്ലിക് അഡ്രസ് സിസ്റ്റത്തിന് 45,000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഇനം വാങ്ങിയിട്ടില്ല.
4) പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

മേൽ സാഹചര്യത്തിൽ 6,37,091/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-25 കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തുക നല്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | തുക | തുക നൽകിയതിന്റെ വിവരം /ബിൽനമ്പർ/ തീയതി | പരാമർശം |
|---|---|---|---|---|
| 1 | കന്നുകുട്ടി പരിപാലന പദ്ധതി (so128/17) | 80000 | 48/16-17, തീയതി.29.3.17 ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി, | തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ |

| | | | | |
|---|---|---|---|---|
| | | | ചാലക്കുടി | ലഭ്യമാക്കിയിട്ടില്ല. |
| 2 | എ.ബി.സി പ്രോഗ്രാം | 100000 | 42/16-17, തീയതി.21.03.17 സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |

മേൽ തുകകളുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/7.6.17) മറുപടിയായി കൈപ്പറ്റ് രശീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 9,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-26 ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം - ഹെഡ്മിസ്ട്രസ്, ജി.ബി.എച്ച്.എസ്., ചാലക്കുടി

ബിൽ നമ്പർ – 4/16-17, തുക 1,20,000/-

ഗവൺമെന്റ് സ്കൂളുകൾക്ക് ഇൻസിനറേറ്റർ എന്ന പ്രോജക്ടിലുൾപ്പെടുത്തി 5 ഇൻസിനറേറ്ററുകൾ ബ്ലയിസ് ഹൈജീൻ ഡിവൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ഇവ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചത്, നിലവിൽ പ്രവർത്തനക്ഷമമാണോ എന്നീ വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ ടി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/8.6.17) മറുപടി ഹാജരാക്കിയില്ല. ഇൻസിനറേറ്റർ സ്ഥാപിച്ച സ്കൂളുകളുടെ വിവരം, അവ പ്രവർത്തനക്ഷമമാണെന്ന വിവരം ബന്ധപ്പെട്ട ഹെഡ് മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-27 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

a)പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

2016-17 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി ലഭ്യമായ ഫണ്ട് 28,34,250/- രൂപയാണ്. ആക്ഷൻ പ്ലാനിൽ 46 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ആകെ മൂന്ന് പദ്ധതികൾ മാത്രമാണ് 2016-17 സാമ്പത്തികവർഷം നടപ്പിലാക്കിയത്. ആകെ ചെലവഴിച്ച തുക 1,32,550/- രൂപ മാത്രമാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

b) തോട് വൃത്തിയാക്കൽ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നില്ല.

2016-17-ൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത 3 പ്രവൃത്തികളും തോട് വൃത്തിയാക്കുന്ന പ്രവൃത്തികൾ ആണ്. പ്രസ്തുത പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ തോട്ടിൽ കോരി എടുക്കുന്ന ചളി, മണ്ണ് എന്നിവ തോടിന്റെ കരയിൽതന്നെ നിക്ഷേപിക്കുന്നതായി ഫയലിൽ ഉണ്ടായിരുന്ന ഫോട്ടോകളിൽ നിന്നും വ്യക്തമാകുന്നു. മഴക്ക് മുമ്പ് ചെയ്യുന്ന പ്രസ്തുത പ്രവൃത്തികൾ പ്രകാരം ചെളി, മണ്ണ് എന്നിവ തോട്ടിലേക്ക് ഒഴകി പദ്ധതി പാഴ് ചെലവാകാൻ സാധ്യത ഉണ്ട്. അപാകം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-28 ദേശീയ നഗര ഉപജീവനമിഷൻ (NULM) ഫണ്ട് ലഭിച്ചത് ചെലവഴിച്ചില്ല

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരങ്ങളിലെ പാവപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ദേശീയ നഗര ഉപജീവനമിഷൻ പദ്ധതിക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ മിഷനിൽ നിന്ന് ലഭിച്ച 12,33,393/- രൂപ (173293,880000,180100) NULM പദ്ധതിയ്ക്കായി നഗരസഭാ സെക്രട്ടറിയുടെയും സിറ്റി പ്രോജക്ട് ഓഫീസറുടെയും പേരിലുള്ള കനറാ ബാങ്കിൽ (A/c No.0708101055359) നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല. ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഈ തുകയുടെ ചെലവ് വിവരം, ബന്ധപ്പെട്ട ഫയലുകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മുഴുവൻ തുകയും ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനായുള്ള ഫണ്ട് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിനിയോഗിക്കേണ്ടതാണ്.

## 3-29 കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

1960ലെ മുനിസിപ്പാലിറ്റീസ് കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് നിയമം, ചട്ടം 7(1)പ്രകാരം, എല്ലാ മുനിസിപ്പാലിറ്റികളും ട്രഷറിയിൽ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഒരു അക്കൗണ്ട് തുടങ്ങേണ്ടതും ജീവനക്കാരുടെ ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ ആറിൽ ഒരു ഭാഗം പ്രസ്തുത അക്കൗണ്ടിലേക്ക് പ്രതിമാസം നിക്ഷേപിക്കേണ്ടതുമാണ്.

ചാലക്കുടി നഗരസഭ ഇന്നേവരെ പ്രത്യേക പെൻഷൻ അക്കൗണ്ട് തുടങ്ങിയിട്ടില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനു വേണ്ടി വരുന്ന തുക അതതുമാസം തനതു ഫണ്ടിൽ നിന്നും കണ്ടെത്തുകയാണ ചെയ്യുന്നത്. 2016-17 സാമ്പത്തിക വർഷം ഈയിനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക 36,35,321/- രൂപ ആണ്. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന നിയമം ഇന്നേ വരെ നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്നത് 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15-ൽ ചൂണ്ടിക്കാട്ടിയിരുന്നു. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-30 കാലാവധിക്കു മുൻപായി ഇംഡംമിനിറ്റി ബോണ്ട് വെച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധം

പ്രവർത്തിയുടെ പേര്. വാർഡ്.11. കൂടപ്പുഴ ചർച്ച് ബൈലൈൻ, എം.ജി.നഗർ റോഡ്, കനാൽ ബണ്ട് ലൈൻ, ഓട്ടുകമ്പനി റോഡ്, ട്രാം വെ ബൈലൈൻ പുനരുദ്ധാരണം.

എഗ്രിമെന്റ് നമ്പർ. 60/14-15 തിയ്യതി. 29-01-2015

എഗ്രീഡ് പി.എ.സി. 1201548.94

പണി തീർന്ന തിയ്യതി. 13.01.2017

കരാറുകാരൻ. വി.ഡി.രാധാകൃഷ്ണൻ.

S.D.തുക. 63675.

05-01-2015-ലെ സർക്കാർ ഉത്തരവ് GO(P) 3/2015 Fin പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലാവധിക്ക മുൻപേ തിരികെ നൽകണമെങ്കിൽ മിനിമം അഞ്ചു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടി അത്യാവശ്യമാണ്. എന്നാൽ ഈ പ്രവർത്തിയിൽ 04-05-2017 തിയ്യതി വെച്ചുള്ള ഇൻഡംമിനിറ്റി ബോണ്ട് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്തു നൽകി. കരാർ ഖണ്ഡിക ഏഴ് പ്രകാരം രണ്ട് വർഷമാണ് ഡെപ്പോസിറ്റ് കാലാവധി. ഡെപ്പോസിറ്റുകൾ റിലീസ് ചെയ്യുന്ന അവസരത്തിൽ അതതു സമയത്തെ ഉത്തരവുകൾക്കു വിധേയമായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-31 കരാർ ചമക്കാൻ വൈകിയിട്ടും നിയമാനുസൃത നടപടികൾ കൈക്കൊണ്ടില്ല. ഈടാക്കിയ പിഴയിലും കുറവ്. 1983 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്

പ്രോജക്ട് - 40/17

ഡെ കെയർ സെന്റർ ഇംപ്രൂവ് മെന്റ്

കരാറുകാരൻ - കെ.എസ്.സുനോജ്

എഗ്രിമെന്റ് തിയ്യതി - 31/15-16, 01-02-16

എം.ബുക്ക് നമ്പർ - 61/15-16

ബിൽ നമ്പർ - 248/ 16-17 തി. 29.03.17

എഗ്രീഡ് പി.എ.സി. - 298393

2012-ലെ കേരള പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2009.6 പ്രകാരം കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കാതിരുന്നാൽ പിഴയോടു കൂടി 10 ദിവസം അനുവദിക്കാവുന്നതാണ്. പിന്നെയും കരാർ ചമക്കാത്ത പക്ഷം ഇ.എം.ഡി. കണ്ടു കെട്ടി കരാർ റദ്ദാക്കണം.

ഈ പ്രവർത്തിയിൽ സെലക്ഷൻ നോട്ടീസ് നൽകുന്നത് 05-12-15-നാണ്. (E1-8540/15 dt. 5-12-15). എന്നാൽ കരാർ ഒപ്പിടുന്നത് 01-02-16-നാണ്. എഗ്രിമെന്റ് വെയ്ക്കാൻ വൈകിയതിന് ഫൈനൽ ബില്ലിൽ നിന്നും 1000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം എഗ്രീഡ് പി.എ.സി.-യുടെ 1% മാണ് പിഴയായി ഈടാക്കേണ്ടത്. അപ്രകാരം 2983 രൂപ പിഴ ഈടാക്കേണ്ടിയിരുന്നു. കുറവ് സംഖ്യ 1983 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-32 പറയൻ തോട് ബണ്ട് നിർമ്മാണം. പ്രവർത്തി കരാർ പ്രകാരം സമയത്തിന് പൂർത്തീകരിച്ചില്ല. നിയമാനുസൃതമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. എക്സ്ട്രാ പ്രവർത്തി അധിക ചിലവുണ്ടാക്കി.

പ്രോജക്റ്റ് നമ്പർ - 24/16-17

സെലക്ഷൻ നോട്ടീസ് നമ്പർ - E1.2056/15 തി. 18-04-2015

ബിൽ നമ്പർ – 35/16-17 തിയ്യതി.22.10.2016

ബിൽ തുക – 280977

കംപ്ലീഷൻ തിയ്യതി - 28-12-2015

എം.ബി. 13/16-17 1 മുതൽ 18 വരെ പേജുകൾ.

കരാറുകാരൻ - കെ.എസ്.സുനോജ്.

പ്രവർത്തിക്കനുവദിച്ച കാലാവധി - എഗ്രിമെന്റ് വെച്ച് 1 മാസം.

2012-ലെ കേരള പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2009.6 പ്രകാരം കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കാതിരുന്നാൽ പിഴയോടു കൂടി 10 ദിവസം അനുവദിക്കാവുന്നതാണ്. പിന്നെയും കരാർ ചമക്കാത്ത പക്ഷം ഇ.എം.ഡി കണ്ടു കെട്ടി കരാർ റദ്ദാക്കണം. ഈ പ്രവർത്തിയിൽ 18-4-15-ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടും കരാർ ചമക്കാത്തതിന് കാരണം ചോദിച്ചിരിക്കുന്നത് 16-07-2015-ൽ മാത്രമാണ്. തുടർന്ന് പണിസ്ഥലത്ത് വെള്ളക്കെട്ടു മൂലമാണ് പണി നടത്താത്തത് എന്നും അതിനാലാണ് എഗ്രിമെന്റ് നടപടി നീണ്ടുപോയത് എന്നും കരാറുകാരൻ 22-07-2015-ൽ മറുപടി നൽകി. എന്നാൽ കരാർ ചമക്കുന്നത് പിഴയൊന്നും കൂടാതെ 22-09-2015-നാണ്. കരാറുകാരന്റെ മാത്രം പിഴവിനാൽ പണി പൂർത്തിയാക്കുന്നത് 13-06-2016-ൽ ആണ്. എഗ്രീഡ് പി.എ.സി യുടെ 1% പിഴ ഈടാക്കിയിട്ടുണ്ട്.

കരാറുകാരന്റെ താല്പര്യ പ്രകാരം എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഇതിൽ പ്രധാന ഇനം 10 എച്ച്.പി മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതാണ്. പ്രവർത്തി സമയത്ത് നടത്തിയിരുന്നുവെങ്കിൽ (അതായത് പ്രവർത്തന കലണ്ടർ പ്രകാരം ഏപ്രിൽ, മെയ് മാസങ്ങളിൽ) ഈ ഐറ്റം ഉൾപ്പെടുത്തേണ്ടി വരുമായിരുന്നില്ല. ഇതിലൂടെ 18510 രൂപ അധികച്ചെലവ് വന്നു. ഇവിടെ കരാറുകാരന്റെ മാത്രം വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. നഗരസഭയാകട്ടെ നിയമാനുസൃതമായ നടപടികളിൽ പ്രകടമായ വീഴ്ച വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രവർത്തി നടന്ന സമയത്തെ അസിസ്റ്റന്റ് എഞ്ചിനീയർ തന്ന വിശദീകരണം തൃപ്തികരമല്ല. മേൽക്കാരണങ്ങളാൽ അധികച്ചെലവ് വന്ന 18510 രൂപ നടപടികളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-33 പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ ഭീമമായ കുറവ്

2016-17 വർഷം ആകെ 181 കരാർ പ്രവർത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചെങ്കിലും 67 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കാനായത്. ആകെ വകയിരുത്തിയ തുക 123096667 രൂപയും, ചെലവിട്ട തുക 49151638 രൂപയുമാണ്. കേവലം 39% മാത്രമാണ് ലക്ഷ്യമിട്ട തുകയിൽ ചെലവിട്ടത് എന്ന് കാണുന്നു.

## 3-34 എസ്.എസ്.1 ഇമൽഷൻ സ്റ്റോക്കിൽ അഞ്ച് ബാരലിന്റെ കുറവ് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

നഗരസഭയിൽ 16-17 വർഷത്തെ പ്രവർത്തികൾക്കായി ബിറ്റുമിൻ (SS1, RS1, VG-30) വാങ്ങുന്നതിനായി താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ചെക്ക് പ്രകാരം തുക കൈമാറി.

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് - രൂ.3420828 cheque no.820989/16-02-17, രൂ.2816797 cheque no. 350986/ 15-03-17

ഹിന്ദുസ്ഥാൻ കൊളാസ് പ്രൈവറ്റ് ലിമിറ്റഡ് – രൂ. 958312 cheque no. 820988/16-02-17, രൂ.488585 cheque no.350986/15-03-17

ഓർഡർ നൽകിയതനുസരിച്ച് ഇതിൽ SS1, RS1 എന്നിവ സപ്ലൈ ചെയ്യുന്ന ഹിന്ദുസ്ഥാൻ കൊളാസ് പ്രൈവറ്റ് ലിമിറ്റഡ് നാലു തവണയായി ആകെ 46 എണ്ണം ബാരൽ ss1 ഇമൽഷൻ സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ 41 എണ്ണം ബാരൽ മാത്രമേ സ്റ്റോക്കിൽ നിന്ന് കരാറുകാർക്ക് സപ്ലൈ കാണിച്ചിട്ടുള്ളൂ. (സ്റ്റോക്ക് രജിസ്റ്റർ പേജ്.55) മാത്രമല്ല സ്റ്റോക്കിൽ ബാലൻസ് ഇല്ല എന്നും കാണുന്നു. അവസാന ബിൽ പ്രകാരം ബാരൽ ഒന്നിന് 11792 രൂപയാണ് ss1 ഇമൽഷന് വില വരുന്നത്. ( Invoice no. 4652/25-04-2017). സ്റ്റോക്കിൽ കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ അഞ്ച് എണ്ണം തിരിച്ചയച്ചതായി കാണിച്ചിട്ടുണ്ട്. ഇത് അടുത്ത ബില്ലിൽ കുറവു ചെയ്യാമെന്നും പറയുന്നു. എന്നാൽ ഹിന്ദുസ്ഥാൻ കൊളാസുമായി ചേർന്ന് കത്തിടപാടുകൾ നടത്തിയതായി കാണുന്നില്ല. സ്റ്റോക്ക് കൃത്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## **3-35** <u>ചട്ടം ലംഘിച്ചുള്ള നടപടിക്രമങ്ങളിലൂടെ നിർമ്മാണ പ്രവർത്തികൾ. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. **999575** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തികൾ നടത്തുന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മരാമത്ത് ചട്ടങ്ങളിലും (കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ 1997) 2012-ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചാലക്കുടി നഗരസഭയിൽ ചില പ്രവർത്തികളിലെങ്കിലും ഇത് കൃത്യമായി നടപ്പിലാക്കുന്നില്ല എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളത്. ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്ന മാളക്കാരൻ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. (പ്രോജക്റ്റ് നമ്പർ 44/17).

മാളക്കാരൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 05-01-2016, 19-01-2016 തീയതികളിലായി യഥാക്രമം ടെൻഡർ, റീടെൻഡർ എന്നിവ വിളിച്ചിട്ടുണ്ട്. ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 30-01-2016-ന് മത്സര സ്വഭാവമുള്ള ഓഫർ വിളിച്ചിട്ടുണ്ട്. ഓഫറിൽ എസ്റ്റിമേറ്റ് റേറ്റ് രേഖപ്പെടുത്തിയ ശ്രീ.വി.പി.ജോജിയുമായി ചേർന്ന് 25-02-2016-ന് കരാർ ഒപ്പിട്ടിട്ടുണ്ട്. കരാർ തിയ്യതി മുതൽ മൂന്നു മാസക്കാലമായിരുന്നു കാലാവധി. എന്നാൽ പണി പൂർത്തീകരിച്ചത് 03/2017-നാണ്. (ഫൈനൽ ബിൽ നമ്പർ.189/16-17 dt.24-03-17 തുക. 855272) ഏത് സാഹചര്യത്തിലാണ് പ്രവർത്തി അനിശ്ചിതമായി നീണ്ടു പോയത് എന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഭരണ സമിതിയുടെ അനുവാദത്തോടെ കരാറുകാരന്റെ പിഴവുകൊണ്ടല്ല എങ്കിൽ ആകെ കാലാവധിയുടെ 25% കാലയളവ് എഞ്ചിനീയറുടെ അപേക്ഷയിൽ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇവിടെ എഞ്ചിനീയർ അത്തരമൊരു അപേക്ഷ തയ്യാറാക്കിയിട്ടില്ല. കരാറുകാരന്റെ പിഴവു

കൊണ്ടാണെങ്കിൽ അനുസ്യതമായ പിഴ ഈടാക്കിയിട്ടുമില്ല. മാത്രമല്ല ഫയൽ പരിശോധിക്കവെ പ്രവർത്തിയുടെ പാർട്ട് ബിൽ 29-02-2016 തിയ്യതിയിൽ നൽകിയിട്ടുണ്ട് എന്ന് കാണുകയുണ്ടായി. (ബിൽ നമ്പർ.294/04-04-16 തുക.144300. എം.ബുക്ക് 56/15-16 പേജ് 1 മുതൽ 22 വരെ) ഇതേ എം ബുക്ക് 1 മുതൽ 14 വരെ ഈ പ്രവർത്തിയുടെ ആദ്യ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ തിയ്യതികൾ പേജ്-1, 04-01-16, പേജ് 2, 06-01-2016, പേജ്.3, 11-01-2016, പേജ്.4, 13-01-2016, പേജ്.5, 21-01-16, പേജ്.6,7, 27-01-2016, പേജ്.8,10,11, 06-02-16, പേജ്.12,13, 15-02-16 പേജ്.14, 19-02-16 എന്നിങ്ങനെയാണ്. അതായത് ടെണ്ടർ വിളിക്കുന്നതിനും എഗ്രിമെന്റ് വെക്കുന്നതിനും മുമ്പേ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, എന്നിവ നടന്നതായാണ് കാണുന്നത്. മാത്രമല്ല 10-08-2016-ന് വ്യക്തമായ കാരണങ്ങൾ കൂടാതെ നടന്നു കൊണ്ടിരിക്കുന്ന പണിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായും കാണുന്നു. കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിനും, കേരള മുൻസിപ്പാലിറ്റീസ് മരാമത്തു ചട്ടങ്ങൾക്കും കടകവിരുദ്ധമായ രീതിയിലാണ് ഈ പ്രവർത്തി നടന്നിട്ടുള്ളത് എന്നതിനാൽ ചെലവ് തുക 144303+855272 = 999575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-36 ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്ന് പിരിച്ച് സ്ഥാപനത്തിൽ അടക്കാതെ കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് ചെയ്ത നടപടി ക്രമവിരുദ്ധം.

പ്രോജക്ടിന്റെ നമ്പർ - 101/17

മെയിന്റനൻസ് ആന്റ് എക്സ്റ്റെൻഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട്സ്.

കരാർ നമ്പർ - 24/16-17 തിയ്യതി. 02-03-2017

ബിൽ നമ്പർ - 198/16-17 തിയ്യതി. 25.03.2017

ബിൽ തുക - 219032

കരാറുകാരന് കൈമാറുന്നതിന് കണക്കാക്കിയത്. 197129

ഈ പ്രോജക്ട് പ്രകാരം ആകെ വകയിരുത്തൽ 200000 രൂപ പദ്ധതി വിഹിതം 20000 രൂപ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കേണ്ടത് എന്നിങ്ങനെ ആകെ 220000 രൂപ ആണ്. എന്നാൽ പ്രോജക്ടിന്റെ നടത്തിപ്പിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിന് പകരം പ്രവർത്തി ഏറ്റെടുത്തു നടത്തിയ കരാറുകാരന്റെ ബില്ലിൽ നിന്നും കുറവു ചെയ്തതായാണ് കാണുന്നത് . എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം 219032/- രൂപയാണ് കരാർ തുക. പ്രവർത്തി പൂർത്തീകരിക്കവെ മെഷർമെന്റ് പ്രകാരം അത്രയും തുക കരാറുകാരന് നൽകാൻ നഗരസഭക്ക് ബാധ്യതയുണ്ട്. മാത്രമല്ല ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ 11.01.2016-ലെ ഖണ്ഡിക 7.15 പ്രകാരം ഗുണഭോക്താക്തൃ വിഹിതം മുൻകൂറായി ഈടാക്കി സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ അടച്ചതിനു ശേഷം കരാറുകാരന് അല്ലെങ്കിൽ നിർവ്വഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാരണങ്ങളാൽ ഗുണഭോക്തൃവിഹിതം ബില്ലിൽ നിന്ന് കുറവു ചെയ്ത നടപടി ക്രമവിരുദ്ധമാണെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

## 3-37 നടപടിക്രമങ്ങളിലെ അസാധാരണ കാലതാമസം. നഗരസഭക്ക് നഷ്ടം.

നഗരസഭയിലെ IHSDP മൾട്ടിപർപ്പസ് കമ്മ്യൂണിറ്റി സെന്റർ നിർമ്മാണത്തിനായി ശ്രീ.ടി.ടി.ദിലീപ് കുമാർ എന്ന കരാറുകാരനുമായി ചേർന്ന് 04-03-2016-ന് 44/15-16 നമ്പറായി കരാർ ഒപ്പിട്ടുണ്ട്. നാളിതു വരെ പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. പ്രവർത്തി എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കി വരുന്നതായി കണ്ടു. ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് ആറിലെ ഈ പ്രവർത്തി ശരിക്കും ആരംഭിക്കുന്നത് 2011-ലാണ്. 23-05-2011-ൽ ടെണ്ടർ വിളിച്ചെങ്കിലും ആരും പങ്കെടുത്തില്ല എന്ന് കാണുന്നു.

2245000/- രൂപയായിരുന്നു അന്ന് അടങ്കൽ. തുടർന്ന് നടപടിക്രമങ്ങളിലെ കാലതാമസം മൂലം 2009-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് മാറ്റി 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി. അത് ടെൻഡർ ചെയ്യുകയുണ്ടായില്ല. 3865000/- ആയിരുന്നു അടങ്കൽ തുക. പിന്നീട് CPW റേറ്റ് പ്രകാരം വീണ്ടും എസ്റ്റിമേറ്റ് പുതുക്കി. അടങ്കൽ 4565000/- രൂപ. ഇതേ അടങ്കലിൽ ടെണ്ടർ ചെയ്ത് പണി ആരംഭിച്ചെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. കൃത്യമായ ഒരു പ്രവർത്തന കലണ്ടർ ഇല്ലാത്തതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ജാഗ്രതക്കുറവുമാണ് പ്രവർത്തികളിലെ ചെലവ് വർദ്ധിക്കുന്നതിനും സമയത്ത് പണി പൂർത്തിയാക്കുന്നതിനും കഴിയാതെ പോകുന്നത് എന്ന് വിലയിരുത്തുന്നു. പല പ്രവർത്തികളിലും ടെണ്ടർ കഴിഞ്ഞ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നുണ്ട്. ഇതും ആരംഭത്തിലുള്ള ജാഗ്രതക്കുറവുമാണ് കാണിക്കുന്നത്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. ചാലക്കുടി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1000000 | 0 | 1000000 |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള ചെലവ് ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് തുകകൾ അല്ല തൻ വർഷം മുന്നിരിപ്പായി എടുത്തിരിക്കുന്നത്. സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നം/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഗവൺമെന്റ് ലോൺ | G.O(Rt)3847/96/ LAD/18.10.1996 | 25ലക്ഷം | 625000 | | | |
| | KUDRFC/02/ 2.9.2004 | 6650000 | 919136 | 761252 | 150642 | 157884 |
| | | 2.50കോടി | 8901330 | 4021237 | 971989 | 4880093 |
| | | 2.50കോടി | 15719591 | 2511215 | 2275233 | 13208376 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പരും തീയതിയും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 3.25 | 1000/- | റെയ്ഡ്കോ | 10303-3.11.2016 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 229573230 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 221304713 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21383/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3872116/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-19 | 1250 | സോഫി ജോസഫ്, എച്ച്.എം., ഈസ്ററ് എൽ.പി. സ്കൂൾ, ചാലക്കുടി, |
| 3-31 | 1983 | അജിത.പി.എം, മുനിസിപ്പൽ എഞ്ചിനീയർ |
| 3-32 | 18150 | സുമ.പി.സുരേന്ദ്രൻ, മുനിസിപ്പൽ എഞ്ചിനീയർ |
| | 21383 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 58217 | സജി.എസ്.എസ്., മുനിസിപ്പൽ സെക്രട്ടറി |
| | 312500 | യു.എസ്.സതീശൻ,മുനിസിപ്പൽ സെക്രട്ടറി |

| | | |
|---|---|---|
| 3-16 | 510000 | യുഎസ്.സതീശൻ, മുനിസിപ്പൽ സെക്രട്ടറി |
| 3-19 | 48750 | സോഫി ജോസഫ്, എച്ച്.എം., ഈസ്റ്റ് എൽ.പി.സ്കൂൾ |
| 3-20 | 168000 | റാണി.പി.ജി., എസ്.സി.ഡി.ഒ. |
| 3-22 | 31983 | യു.എസ്.സതീശൻ, മുനിസിപ്പൽ സെക്രട്ടറി |
| 3-23 | 86000 | ശോഭന.എം. എച്ച്.എം., ജി.ജി.എച്ച്.എസ്. |
| 3-24 | 637091 | ശോഭന.എം., എച്ച്.എം., ജി.ജി.എച്ച്.എസ്. |
| 3-25 | 900000/- | ഡോ.ജോഷ് കുമാർ, വെറ്ററിനറി സർജൻ |
| 3-26 | 120000 | പങ്കജവല്ലി.വി., ഹെഡ് മിസ്ട്രസ്സ്, ജി.ബി.എച്ച്.എസ്. ചാലക്കുടി, |
| 3-35 | 999575 | അജിത.പി.എം, മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 3872116/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത.പി.എം., മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, ചാലക്കുടി മുനിസിപ്പാലിറ്റി | കുറുത്തേടത്ത് ഹൗസ്, പതിയാകുളങ്ങര.പി.ഒ., തൃശ്ശൂർ. |
| സുമ.പി.സുരേന്ദ്രൻ, മുനിസിപ്പൽ എഞ്ചിനീയർ | എ.ഇ.ഇ., പ്രോജക്ട് ഇംപ്ളിമെന്റേഷൻ യൂണിറ്റ്, ഒളരി, തൃശ്ശൂർ | 49/997 ഇ2 എ.സി., എമറാൾഡ്, പൊനേക്കര, |

| | | |
|---|---|---|
| | | എടപ്പിള്ളി, കൊച്ചി – 24. |
| സോഫി ജോസഫ്, എച്ച്.എം., ഈസ്റ്റ് എൽ.പി.സ്കൂൾ, ചാലക്കുടി | ഹെഡ്മിസ്ട്രസ്സ്, ഈസ്റ്റ് എൽ.പി. സ്കൂൾ, ചാലക്കുടി | കുന്നംപറമ്പത്ത്, മാമ്പ്ര.പി.ഒ., വെസ്റ്റ് കൊരട്ടി |

## 4-8 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 |
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98/05-02-98 |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05/07-04-06 |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 |
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 |

| | |
|---|---|
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 |
| 1996-97 (ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 |
| 1997-98 (ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 |
| 1999-2000(വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10/29-10-10 |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10/13-10-10 |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10/23-10-10 |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12/08-08-12 |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13/11-06-13 |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി 17.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി 8.8.16 |
| 2015-16 | കെ.എസ്. എ.ടി.എസ്.ആർ.(എം)98/2017 തീയതി.31.01.2017 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(എം)1615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ -dotsr.ksad@kerala.gov.in
തിയ്യതി.15/11/2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലക്കുടി നഗരസഭയുടെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA-TSR(M)1615/2017

Kerala State Audit Department,
District Audit Office, Thrissur-20
Phone No. 0487 2331249
E-mail -dotsr.ksad@kerala.gov.in
Date-15/11/2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Chalakudy Municipality in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Chalakudy Municipality for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Joint Director,
District Audit Office,
Thrissur.